പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 31

9. 9. 2009 - ൽ മറുപടിക്ക്

## ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം നവീകരിക്കുന്നതിനു നടപടി

**ചോദ്യം**

ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീമതി. ജെ. അരുന്ധതി :
ശ്രീ. പി. ജയരാജൻ:
ശ്രീ. എം. ഹംസ :
ശ്രീ. ജോർജ് എം. തോമസ് :

**ഉത്തരം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(എ) സംസ്ഥാന ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം സമൂലമായി പരിഷ്ക്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ സജീവ പരിഗണനയിലാണ്. ക്രൈം ബ്രാഞ്ച് കേസുകളുടെ അന്വേഷണം മൂന്ന് പ്രത്യേക വിഭാഗങ്ങളിലേക്ക് മാറ്റി അവ ഓരോ എസ്. പി. മാരുടെ ചുമതലയിൽ കൊണ്ടുവരാനും അന്വേഷണം ത്വരിതപ്പെടുത്താനും ഉദ്ദേശിക്കുന്നു.

കൊല പാതകങ്ങളും ശരീരോപദ്രവങ്ങളും ഉൾപ്പെട്ട കേസ്സുകൾ അന്വേഷിക്കാൻ " ഹോമിസൈഡ് ആന്റ് ഹർട്ട് വിംഗ് ", സാമ്പത്തിക കുറ്റകൃത്യങ്ങൾ, ചതി മുതലായവ അന്വേഷിക്കാൻ സാമ്പത്തിക കുറ്റാന്വേഷണ വിംഗ് അഥവാ - എക്കണോമിക് ഒഫൻസസ് വിംഗ്, കള്ള നോട്ടുകൾ, വിസതട്ടിപ്പ്, പാസ്സ്പോർട്ട് കേസ്സുകൾ, ജോലി തട്ടിപ്പ് തുടങ്ങിയ കേസുകൾ അന്വേഷിക്കാൻ ഓർഗനൈസ്ഡ് ക്രൈം വിംഗ് എന്നിവയായി ഇപ്പോഴുള്ള യൂണിറ്റുകളെ മാറ്റുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്.

ആരാധനാലയങ്ങളിലുണ്ടാകുന്ന കവർച്ചകൾ അന്വേഷിക്കാൻ ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ എറണാകുളം കേന്ദ്രമാക്കി ചുമതലപ്പെടുത്തി.

ക്രൈം ബ്രാഞ്ചിലേക്ക് പ്രത്യേക താൽപര്യമുള്ള ഉദ്യോഗസ്ഥരെ സ്ഥിരമായി നിയമിക്കാനുള്ള നിർദ്ദേശം സജീവ പരിഗണനയിലാണ്.

(ബി) വർഷങ്ങളായി അന്വേഷണം നടന്നു വരുന്ന കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അന്വേഷണം നടന്നുവരുന്ന കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ക്രൈം ബ്രാഞ്ച് കേസുകളിൽ കോടതിവിധി വരുന്നതിന് അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ക്രൈം ബ്രാഞ്ച് കേസുകൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികളെ ചുമതലപ്പെടുത്തുന്നതിന് ഹൈക്കോടതിയോടാവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ക്രൈം ബ്രാഞ്ച് കേസുകൾ ഒരേ ജില്ലയിലെ തന്നെ വിവിധ മജിസ്ട്രേറ്റ് കോടതികളിലാണ് വിചാരണക്കു വരുന്നത്. ഈ രീതി മാറ്റി ബഹു. ഹൈക്കോടതി നിർദ്ദേശിക്കുന്ന ജില്ലയിലെ ഏതെങ്കിലും ഒരു കോടതിയെ ചുമതലപ്പെടുത്തുന്ന നിർദ്ദേശം ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ഡി) വിവിധ വിഭാഗം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര കേസുകളിലാണ് ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരുന്നത് എന്ന് വെളിപ്പെടുത്തുമോ ?

(ഡി) വിവിധ വിഭാഗം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ചിൽ ഇപ്പോൾ 1137 കേസുകളിൽ അന്വേഷണം നടന്നുവരുന്നുണ്ട്.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 32

09.09.2009-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

ചോദ്യം

മറുപടി

ശ്രീ.എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ.കെ.വി. അബ്ദുൾഖാദർ
ശ്രീ. സി.എം. ദിനേശ് മണി
ശ്രീ. പി. വിശ്വൻ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു.

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പലിശരഹിത വായ്പ

മത്സ്യത്തൊഴിലാളി വനിതകൾക്ക് 5000 രൂപ വീതം പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുവരെ 24180 മത്സ്യത്തൊഴിലാളി വനിതകൾക്ക് 1209 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തു.

2. മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി

മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ സ്വയം സഹായ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് മൈക്രോ ഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള . മൈക്രോ ഫിനാൻസ് വായ്പകൾ 8% പലിശ നിരക്കിൽ ലഭ്യമാക്കിവരുന്നു. 11427 സ്വയം സഹായ ഗ്രൂപ്പുകളിലായി 138094 പേർ അംഗങ്ങളായി കഴിഞ്ഞു. 35 കോടി രൂപ . മൈക്രോ ഫിനാൻസ് വായ്പ ഇനത്തിൽ മത്സ്യഫെഡ് വിതരണം ചെയ്തു കഴിഞ്ഞു.

3. സുനാമി അടിയന്തിര സഹായ പദ്ധതിയും സുനാമി പുനരധിവാസ പദ്ധതിയും വഴിയുള്ള സഹായങ്ങൾ ( വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.)

4. മത്സ്യബോർഡ് മുഖേനയുള്ള പദ്ധതികൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളിൽ കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഇതുവരെ 2864.26 ലക്ഷം രൂപയും അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 155.28 ലക്ഷം രൂപയും കൂടി ആകെ 3019.54 ലക്ഷം രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ പരിഷ്കരിച്ച് ധനസഹായ തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി പെൻഷനും വിധവാ പെൻഷനും 1-4-08 മുതൽ 120/- രൂപയിൽ നിന്ന് 200/- രൂപയായും 1-4-09 മുതൽ 250/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

മത്സ്യബന്ധനോപാധികളായ വള്ളം , എഞ്ചിൻ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പ്രീമിയ

ത്തിന്റെ 75% സർക്കാരാണ് വഹിക്കുന്നത്. ഈ പദ്ധതി 2008 ആഗസ്റ്റ് 20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായുള്ള 16 ക്ഷേമപദ്ധതികളും മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികൾക്കായുള്ള 10 ക്ഷേമപദ്ധതികളും (അനുബന്ധം II-ആയി ചേർത്തിട്ടുണ്ട്) നടപ്പിലാക്കിവരുന്നു.

5. മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷകൾ · സമഗ്ര കടൽ സുരക്ഷാ പദ്ധതി.

6. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കിലോഗ്രാമിന് 2 രൂപയ്ക്ക് അരി വിതരണം. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 1000 ചെറുകിട തൊഴിൽ സംരംഭങ്ങൾ

7. മത്സ്യത്തൊഴിലാളികളിൽനിന്നും 8 ഗഡുക്കളായി 600 രൂപ സമാഹരിച്ച് 600 രൂപ സംസ്ഥാന വിഹിതമായും 600 രൂപ കേന്ദ്ര വിഹിതമായും ചേർത്ത് 1800 രൂപ പഞ്ഞ മാസങ്ങളിൽ തിരിച്ചു നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി

8. വീടൊന്നിന് 50000 രൂപയുടെ സഹായം അനുവദിക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള പദ്ധതി

9. ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

10. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്ക് പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ.

11. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കടബാദ്ധ്യതയിൽ നിന്നും സംരക്ഷണം നൽകുന്നതിന് കടാശ്വാസ കമ്മീഷൻ.

12. 3000 കോടി രൂപയുടെ മൊത്തം അടങ്കൽ പ്രതീക്ഷിക്കുന്ന സമഗ്ര തീരദേശ വികസന പരിപാടി.

ബി) മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസ നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

ബി) 23-1-2009-ന് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചു. കടാശ്വാസത്തിനുള്ള 1,07,564 അപേക്ഷകൾ കമ്മീഷന് ലഭിച്ചു. അവയുടെ സൂക്ഷ്മ പരിശോധനയും രജിസ്ട്രേഷനും നടന്നുവരുന്നു. 5-9-2009 വരെ 72853 അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയും രജിസ്ട്രേഷനും പൂർത്തിയായി. ന്യൂനതകളുള്ള അപേക്ഷകൾ തിരിച്ചു നൽകി പോരായ്മകൾ തീർത്ത് തിരിച്ചുവാങ്ങുന്നതിന് 10 ജില്ലകളിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഹെൽപ്പ് ഡെസ്കുകൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, മത്സ്യഫെഡ്, മത്സ്യ ബോർഡ്, അഡാക്ക് എന്നീ ഏജൻസികളിലെ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തൊട്ടാകെ 685 ഹെൽപ്പ് ഡെസ്കുകൾ പ്ലാൻ ചെയ്തിട്ടുണ്ട്. സെപ്റ്റംബർ 24, 25,26 തീയതികളിലായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലും 3,4,5 തീയതികളിലായി കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർകോഡ് ജില്ലകളിലും ഹെൽപ്പ് ഡെസ്കുകൾ പ്ലാൻ ചെയ്തിട്ടുണ്ട്. ഇതിന്റെ വിജയത്തിനായി ട്രേഡ് യൂണിയനുകളുടെ സഹായം തേടും.

മത്സ്യഫെഡ് വഴി നടപ്പാക്കിയ വായ്പാ പദ്ധതിയിൽ 8801 മത്സ്യത്തൊഴിലാളികളുടെ 1182.60 ലക്ഷം രൂപയുടെ കടബാദ്ധ്യത ഏറ്റെടുക്കുന്നതിന് കടാശ്വാസ കമ്മീഷൻ സമർപ്പിച്ച ശുപാർശ പരിശോധിച്ചുവരുന്നു . മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളുടെ റിക്കവറി, ജപ്തി തുടങ്ങിയവയ്ക്ക് സർക്കാർ ഏർപ്പെടുത്തിയ മോറട്ടോറിയം 2-5-09 മുതൽ 6 മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. എൻ.സി.ഡി.സി യിൽ നിന്നും മത്സ്യഫെഡ് മുഖേന 47608 മത്സ്യത്തൊഴിലാളികൾക്ക് വായ്പയായി നൽകിയ 11620.44 ലക്ഷം രൂപയുടെ കടബാദ്ധ്യത ഏറ്റെടുക്കുന്ന കാര്യം കമ്മീഷൻ പരിശോധിച്ചുവരുന്നു.

(സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് രണ്ടു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയതിന്റെ ഫലമായി എത്ര മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) റേഷൻകാർഡിൽ പേര് രേഖപ്പെടുത്തിയിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. ഉദ്ദേശം 11 ലക്ഷം മത്സ്യത്തൊഴിലാളികൾ.

(ഡി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(ഡി) 1. വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഒരു പോലീസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ മറൈൻ എൻഫോഴ്സ്മെന്റിന്റെ കടൽ രക്ഷാ പ്രവർത്തനം .

2. കടൽ രക്ഷാ പ്രവർത്തനത്തിന് ജീവൻരക്ഷാ ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ള രക്ഷാബോട്ടുകൾ.

3. സുനാമി പുനരധിവാസ പദ്ധതിയിൽ ആധുനിക ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ള 3 റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

4. എല്ലാ തീരദേശ ജില്ലകളിലുമായി നൂറോളം മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി പ്രത്യേക കടൽ രക്ഷാ പ്രവർത്തനത്തിനായി കോസ്റ്റ് ഗാർഡ് മുഖാന്തിരം വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട് . കൂടാതെ 9 തീരദേശ ജില്ലകളിൽ 10 വീതം യോഗ്യരായ മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുത്ത് വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് 46 ദിവസം നീണ്ടുനിൽക്കുന്ന വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

5. കടൽ രക്ഷാ പ്രവർത്തനത്തിന് ലൈഫ്ജാക്കറ്റ്, ലൈഫ് ബോയ്, ജി.പി.എസ്, റഡാർ റിഫ്ലക്ടർ, സ്കൂബ, ഹീലിയോഗ്രാഫ്, ഇൻഫ്ലേറ്റബിൾ ബോട്ട് തുടങ്ങിയവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. മത്സ്യത്തൊഴിലാളികൾക്ക് 7262 സുരക്ഷാ കിറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ കിറ്റുകളിൽ റേഡിയോ ബീക്കൺ, ലൈഫ്ബോയ ,ഹീലിയോഗ്രാഫ്,എമർജൻസി ഫ്ലാഷ് ലൈറ്റ്, കോമ്പസ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ് തുടങ്ങിയവയും ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 33

9-9-2009 ൽ
മറുപടിയ്ക്ക്

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. പി.ടി.എ. റഹീം:<br>ശ്രീ. മുരളി പെരുനെല്ലി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഈ വർഷത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കൂടുതൽ ആകർഷക മാക്കുന്നതിനും വിപുലമാക്കുന്ന തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) 2009 ഡിസംബർ 1 മുതൽ 2010 ജനുവരി 15 വരെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫെസ്റ്റിവലിന്റെ ആശയം സംസ്ഥാനത്തെ മുഴുവൻ വ്യാപാരികളിലും ഉൽപാദകരിലും എത്തിക്കാനാവശ്യമായ പ്രചാരണ പരിപാടികളാണ് ആദ്യഘട്ടത്തിൽ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ബി) മുൻ വർഷങ്ങളെക്കാൾ ഈ വർഷത്തെ ഫെസ്റ്റിവലിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്; | ബി) ഷോപ്പിംഗ് ഫെസ്റ്റിവൽ കാലയളവ് സംസ്ഥാനത്തെ രണ്ടാം ഷോപ്പിംഗ് സീസൺ എന്ന രീതിയിൽ കൂടുതൽ ശ്രദ്ധേയമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉൽപ്പാദന-വിപണന മേഖലയുടെ സജീവമായ പങ്കാളിത്തം പ്രതീക്ഷിക്കുന്നതോടൊപ്പം, വിവിധ ബ്രാൻഡുകൾക്ക് ഓണം സീസണിൽ എന്നതുപോലെ പ്രത്യേക കിഴിവുകളും ഓഫറുകളും ഉല്പന്ന നിർമ്മാതാക്കൾ പ്രഖ്യാപിക്കുമെന്നാണ് കരുതുന്നത്. കേരളത്തിലെ തനത് ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കും വിധം പ്രത്യേക മേളകൾ സംഘടിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്. |

| | |
|---|---|
| സി) ഈ വർഷത്തെ ഫെസ്റ്റിവലിൽ എത്ര കോടി രൂപയുടെ വിൽപ്പനയാണ് പ്രതീക്ഷിക്കുന്നത്; | സി) ആദ്യത്തെ അഞ്ച് വർഷം കൊണ്ട് GKSF നെ ലോക നിലവാരമുള്ള ' ഷോപ്പിംഗ് ഫെസ്റ്റിവൽ ' ആക്കുക എന്നും കേരളത്തെ ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷൻ ആയി കൂടി അംഗീകരിപ്പിക്കുക എന്നതുമാണ് മുഖ്യ ലക്ഷ്യം. വില്പന വളർച്ചയുടെ വിശദാംശങ്ങളിലേക്ക് അതിന് ശേഷം മാത്രമേ കടന്നു ചെല്ലാനു ദ്ദേശിക്കുന്നുള്ളൂ. |
| ഡി) ഫെസ്റ്റിവലിന്റെ ഭാഗമാകുന്നതിന് ഇതിനകം എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഡി) ഫെസ്റ്റിവൽ രജിസ്ട്രേഷൻ സെപ്റ്റംബർ 15-ന് ആരംഭിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.34 09.09.2009 ൽ മറുപടിക്ക്

## ശമ്പളപരിഷ്ക്കരണ കമ്മീഷനെ നിയമിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.ബി ഗണേഷ് കുമാർ<br>ശ്രീ. കെ. കെ. ഷാജു | | ഡോ. റ്റി.എം. തോമസ് ഐസക്ക്<br>ധനകാര്യ മന്ത്രി |
| എ. | സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്ക്കരണം അഞ്ച് വർഷത്തിലൊരിക്കൽ നടത്തണമെന്നിരിക്കെ ഉടൻ ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) ഇതു സംബന്ധിച്ച് സർക്കാർ ഉചിതമായ സമയത്ത് തീരുമാനമെടുക്കുന്നതായിരിക്കും. |
| ബി. | എങ്കിൽ എന്നത്തേയ്ക്ക് കമ്മീഷനെ നിയമിയ്ക്കുമെന്ന് വ്യക്തമാക്കുമോ; | |
| സി. | ജീവിത വില സൂചികകൾ ക്രമാതീതമാം വിധം വർദ്ധിച്ച സാഹചര്യത്തിൽ ശമ്പളപരിഷ്ക്കരണത്തിന് മുന്നോടിയായി മുഴുവൻ ജീവനക്കാർക്കും ഇടക്കാലാശ്വാസം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | ഇപ്പോൾ പരിഗണനയിലില്ല. കേന്ദ്ര സർക്കാർ അനുവദിച്ച മുഴുവൻ ഡി.എ. യും സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 35

9.9.2009-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.കെ. പ്രേമനാഥ്<br>ശ്രീ.കെ.പി. മോഹനൻ:<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ; | എ. 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എട്ടിനം പ്രവർത്തികളാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഇവ താഴെ പറയുന്നവയാണ്.<br><br>1. ജല സംരക്ഷണം, ജലസമാഹരണം.<br>2. വനവൽക്കരണവും, വൃക്ഷത്തോട്ട വികസനമുൾപ്പെടെയുള്ള വരൾച്ച തടയൽ പ്രവർത്തികൾ.<br>3. ജലസേചന പ്രവർത്തികൾ.<br>4. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ, ഭൂപരിഷ്കരണ നിയമത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഗുണഭോക്താക്കൾ, 5 ഏക്കർ വരെ കൃഷിഭൂമിയുള്ള കർഷകർ ബി.പി.എൽ. കുടുംബങ്ങൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ, ഉദ്യാന കൃഷി (ഹോർട്ടികൾച്ചർ പ്ളാന്റേഷൻ) ഭൂവികസന സൗകര്യങ്ങൾ എന്നിവ.<br>5. കുളങ്ങളിലും ചിറകളിലും അടിഞ്ഞിട്ടുള്ള മണ്ണ് മാറ്റുന്നതുൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>6. ഭൂവികസന പ്രവർത്തികൾ.<br>7. വെള്ളക്കെട്ടു പ്രദേശത്തിന്റെ ജലനിർഗ്ഗമന സംവിധാനവും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളും.<br>8. ഗ്രാമീണ റോഡുകളുടെ നിർമ്മാണം. |
| ബി. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നീർത്തട സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; ഇതിനായി എത്ര പ്രവൃത്തി ദിനങ്ങൾ 2008-09-ൽ സംസ്ഥാനത്ത് വിനിയോഗിച്ചെന്ന് വെളി | ബി. ഓരോ നീർത്തട പ്രദേശത്തിനുമുള്ളിലെ ജലവ്യവസ്ഥയും, മണ്ണും ജൈവ സമ്പത്തും പരസ്പരബന്ധിതമായി നിലകൊള്ളുന്നതിനാൽ ഇവയുടെ പരിപോഷണത്തിനാവശ്യമായ താഴെപ്പറയുന്നതരം പ്രവർത്തികൾ നീർത്തട സംരക്ഷണത്തിനായി നടപ്പാക്കി വരുന്നു. |

പ്പെടുത്തുമോ ?

1. മഴക്കുഴി നിർമ്മാണം - ഒഴുകി പാഴാകുന്ന വെള്ളം കെട്ടിനിർത്തി ഭൂമിയിലേയ്ക്ക് ആഴ്ത്തുന്നതിനുള്ള കുഴികളും വെള്ളക്കെട്ടുകളും നിർമ്മിക്കാവുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
2. തടയണ നിർമ്മാണം- വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കിയും ചെടികൾ വച്ച് പിടിപ്പിച്ചും പാഴ്ത്തടികൾ ഇട്ടും തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.
3. വിയർ നിർമ്മാണം- വെള്ളം ഒഴുക്കി കുത്തനെ വീഴുന്ന സ്ഥലങ്ങളിൽ ചെറിയ കുളങ്ങൾ നിർമ്മിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.
4. കോണ്ടൂർ ബണ്ടിംഗ്- വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാല നിർമ്മിക്കാവുന്ന സ്ഥലങ്ങൾ.
5. ബണ്ടുകൾ- പുല്ല്, മരങ്ങൾ എന്നിവ വച്ചു പിടിപ്പിക്കേണ്ട സ്ഥലങ്ങൾ.
6. ധാരാളം വേര് പടലങ്ങളുള്ള ഗിനി ഗ്രാസ്സ്, രാമച്ചം മുതലായ പുല്ലുവർഗ്ഗങ്ങളും വച്ചുപിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.
7. നീർച്ചാലുകൾ വൃത്തിയാക്കൽ, മണ്ണ് വീണ് മൂടിയ നീർച്ചാലുകൾ തെളിച്ച് നീരൊഴുക്കിനുള്ള തടസ്സം മാറ്റേണ്ട നീർച്ചാലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ.
8. ജൈവ വേലി- വട്ട, ശീമക്കൊന്ന, സിബാബുൾ തുടങ്ങിയ ജൈവവേലയായി ഉപയോഗിക്കാൻ പറ്റിയ സസ്യങ്ങൾ, പുറമ്പോക്കുകളുടെ അതിരുകളിലും നീർച്ചാലുകളുടെ കരകളിലും വച്ചു പിടിപ്പിക്കാൻ പറ്റിയ സ്ഥലങ്ങൾ നിശ്ചയിക്കൽ.
9. ബ്രഷ് വുഡ് (പാഴ്ത്തടി കൊണ്ടുണ്ടാക്കുന്ന തടയണകൾ)- നീർച്ചാലുകളിൽ പാഴ്ത്തടികൾ ഉപയോഗിച്ച്.

നീർത്തട സംരക്ഷണത്തിനായി വിനിയോഗിച്ച മൊത്തം പ്രവർത്തി ദിനങ്ങളുടെ എണ്ണം പ്രത്യേകം ലഭ്യമല്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 36

09. 09. 2009-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എം. ഉമ്മർ | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| എ) ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലം പഠിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | എ) 26-7-06 ലെ സ.ഉ (സാധാ) നം. 348/06/മത്സ്യവ പ്രകാരം ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെ കുറിച്ച് പഠനം നടത്തുന്നതിന് ഫിഷറീസ് വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ട് 2007 ജൂലൈ മാസം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകളുടെ തുടർനടപടികൾ സംബന്ധിച്ച് 19.6.09 -ന് ജി.ഒ.(പി)44/2009/മത്സ്യവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം കടലിൽ മത്സ്യബന്ധന നിരോധിത മേഖലകളും മത്സ്യസംരക്ഷണ മേഖലകളും രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | ബി) യും സി) യും<br>നിർദ്ദേശം പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിന് പരിശോധനകൾ ആവശ്യമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) ഉണ്ടെങ്കിൽ ഇതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന വിഷമതകൾ ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ? | |

Hrisya Kumar
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.37 — 9-9-2009- ൽ മറുപടിയ്ക്ക്

## മത്സ്യകേരളം പദ്ധതി

| ചോദ്യം<br>ശ്രീ. യു.സി.രാമൻ : | മറുപടി<br>ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ 'മത്സ്യകേരളം' പദ്ധതിനടപ്പിലാക്കാൻ സർക്കാർ പദ്ധതിയിട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) സംസ്ഥാനത്തെ മുഴുവൻ ഉൾനാടൻ ജലാശയങ്ങളിലും മത്സ്യകൃഷി നടത്തുവാൻ ഉദ്ദേശിക്കുന്ന മത്സ്യകേരളം പദ്ധതി ഫിഷറീസ് വകുപ്പും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായിട്ടാണ് നടപ്പാക്കുന്നത് കേരളത്തിലെ 14 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 700 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽപ്പെട്ട 1000( ഹെക്ടർ ശുദ്ധജല/ഓരുജല പ്രദേശങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ പദ്ധതിയുടെ പരിധിയിൽകൊണ്ടുവരും. പദ്ധതിയുടെ മൊത്തം അടങ്കൽ 71 കോടി രൂപയും സബ്സിഡിയായി നൽകുന്നത് 24 കോടി രൂപയുമാണ് 2008-09 വർഷം മുതൽ 2010-11 വരെ മൂന്ന് വർഷങ്ങളിലായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ശുദ്ധജല/ഓരുജല മത്സ്യകൃഷിയുടെ വികസനം, നെൽപ്പാടങ്ങളിലെ മത്സ്യ/ആറ്റുകൊഞ്ച് കൃഷി വികസനം പൊക്കാളി നിലങ്ങളിലെ ചെമ്മീൻകൃഷി, സംയോജിത മത്സ്യകൃഷിക്ക് പ്രോത്സാഹനം, അലങ്കാര മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ, കൊതുകു (കൂത്താടി) നിർമ്മാർജ്ജന മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കൽ, ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കൽ നദികളിലെയും അഴിമുഖങ്ങളിലെയും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ, പഞ്ചായത്തുതലത്തിൽ മാതൃകാ മത്സ്യഫാമുകൾ |

| | |
|---|---|
| | സ്ഥാപിക്കൽ, ചെമ്മീൻ, കക്ക, മുരിങ്ങ, ഞണ്ട്, കടൽ പായൽ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കൽ കൂടുകളിൽ മത്സ്യം വളർത്തൽ പദ്ധതി നടപ്പാക്കൽ കക്ക ശുദ്ധീകരണ ശാലകൾ സ്ഥാപിക്കൽ, മത്സ്യകർഷകർക്ക് വിദഗ്ദ്ധ പരിശീലനം നൽകൽ, വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമതല മത്സ്യകർഷക ക്ലബ്ബുകൾ രൂപീകരിക്കൽ എന്നിവയാണ് മത്സ്യകേരളം പദ്ധതിയിലൂടെ ലക്ഷ്യംവെയ്ക്കുന്ന പ്രധാന പരിപാടികൾ. |
| (സി) ഇതു നടപ്പിലാക്കുന്നതിനുവേണ്ടി കർഷക ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ; | (ബി) കുറഞ്ഞത് 5 ഹെക്ടർ മത്സ്യകൃഷിക്കനുയോജ്യമായ ജലാശയങ്ങളുള്ള പഞ്ചായത്തുകളിലാണ് മത്സ്യകർഷക ക്ലബ്ബുകൾ സ്ഥാപിക്കുന്നത്. 5 ഹെക്ടറിൽ കുറഞ്ഞ ജലാശയങ്ങളുള്ള പഞ്ചായത്തുകളെ സമീപ പഞ്ചായത്തുകളിലെ കർഷക ക്ലബ്ബുകളുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) ഇതിനുവേണ്ടി അനുവദിക്കുന്ന സഹായധനം ചെലവാക്കുന്നതിന് ആർക്കാണ് അധികാരം കൊടുക്കുന്നത് ; | (ഡി) മത്സ്യകർഷക ക്ലബ്ബിന്റെ അദ്ധ്യക്ഷൻ പഞ്ചായത്ത് പ്രസിഡന്റും, കൺവീനർ അതത് മത്സ്യഭവൻ ഓഫീസറോ അല്ലെങ്കിൽ മത്സ്യവകുപ്പ് ജില്ലാ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും. ജില്ലാ ഫിഷറീസ് ഓഫീസർ വഴി അനുവദിക്കുന്ന സഹായധനം അദ്ധ്യക്ഷന്റെയും, കൺവീനറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് നൽകി അതുവഴി വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഇ) ഈ പദ്ധതി കൊണ്ടുണ്ടാകുന്ന നേട്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | (ഇ) ഉണ്ട്. സംസ്ഥാനത്തെ ഏകദേശം 700 ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട 10000 ഹെക്ടർ ജലാശയങ്ങൾ 3 വർഷങ്ങൾകൊണ്ട് മത്സ്യ, ചെമ്മീൻ, മറ്റ് ജല കൃഷി വിഭവങ്ങൾ ഉൾപ്പെടുത്തി വിപുലീകരിച്ച് നിലവിലുള്ള ഉൾനാടൻ ഉല്പാദനം 75000 ടണ്ണിൽനിന്നും 2 ലക്ഷം ടണ്ണാക്കി ഉയർത്തുവാനും അതിലൂടെ 250 കോടി രൂപയുടെ അധികവരുമാനം ഉണ്ടാക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ 6.5 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കണക്കാക്കുന്നു.<br>മത്സ്യകേരളം പദ്ധതിയുടെ ഒന്നാംഘട്ടമാണ് ഇതിനകം പൂർത്തിയായിട്ടുള്ളത്. ഓരുജല കൃഷിക്ക് പ്രാധാന്യം നല്കിയ ഒന്നാംഘട്ടത്തിൽ ചെമ്മീൻ, കല്ലുമ്മേക്കായ് എന്നിവയാണ് പ്രധാനമായും കൃഷി നടത്തിയത്. ആകെ 2140 ഹെക്ടറിൽ ചെമ്മീൻ കൃഷിയും 12.25 |

| | |
|---|---|
| | ഹെക്ടറിൽ കരിമീൻകൃഷിയും നടന്നു. കൂടാതെ 80 മസ്സൽ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിച്ചു. ഇ യിൽനിന്നായി ഏകദേശം 2200 ടൺ ചെമ്മീനും 239 ടൺ മസ്സലും 8 ടൺ കരിമീനും ഉല്പാദിപ്പിക്കുവാ സാധിച്ചു. ഇതുമൂലം ഏകദേശം 45 കോടി രൂപ കർഷ കർക്ക് ലഭിച്ചു. ഒന്നാംഘട്ടത്തിൽ ആകെ 4607 ഗുണ ഭോക്താക്കളാണ് ഉണ്ടായിരുന്നത്. രണ്ടാംഘട്ടമാ ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി എല്ലാ ജില്ലക ളിലും ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.38.

9/9/2009 -ൽ മറുപടിക്ക്

ആശ്രയ പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്; ശ്രീ.വി.ഡി.സതീശൻ; ശ്രീ.കെ.ശിവദാസൻ നായർ. | ശ്രീ.പാലോളി മുഹമ്മദ് കുട്ടി തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) ആശ്രയ പദ്ധതിക്കു വേണ്ടി ഇതുവരെ എത്ര തുക ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്; | (എ) ആശ്രയ പദ്ധതിക്കായി 81.09 കോടി രൂപ നാളിതുവരെയായി നല്കിയിട്ടുണ്ട്. |
| (ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതിലേക്കായി എത്ര തുക ചെലവഴിച്ചു; | (ബി) ആശ്രയ പദ്ധതിക്കായി 786 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് വിഹിതമായി നാളിതുവരെ 267.05 കോടി രൂപ നല്കിയിട്ടുണ്ട്. |
| (സി) ചെലവഴിച്ച തുകയ്ക്കനുസൃതമായ ഫലം ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ലഭിച്ചിട്ടുണ്ടോ എന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തൽ എന്തെല്ലാമെന്നു വ്യക്തമാക്കുമോ? | (ഡി) 2007 ൽ കുടുംബശ്രീ മിഷൻ പദ്ധതി നിർവ്വഹണത്തെ വിലയിരുത്തിയിരുന്നു. അതിൽ പ്രധാനമായും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനഘടകങ്ങൾ, ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ, വിവിധ സ്രോതസ്സുകളിലൂടെ കണ്ടെത്താൻ ശ്രമിച്ച തുക, പ്രോജക്ട് രൂപീകരണ പ്രക്രിയ തുടങ്ങിയവ വിലയിരുത്തുന്നത് സംബന്ധിച്ച് തദ്ദേശ |

സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഇംപ്ലിമെന്റിംഗ് ഓഫീസർമാർ, മെമ്പർ സെക്രട്ടറിമാർ, സി.ഡി.എസ് /എ.ഡി.എസ് ഭാരവാഹികൾ, സി.ഡി.എസ് ആശ്രയ സബ്കമ്മിറ്റി അംഗങ്ങൾ, ഗുണഭോക്താക്കൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടും പദ്ധതിയുടെ വിവിധതരത്തിലുള്ള ബുദ്ധിമുട്ടുകളും പോരായ്മകളും സംബന്ധിച്ചും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പദ്ധതി വിലയിരുത്തൽ പ്രക്രിയ നടത്തിയിരുന്നു. പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം.

## ആശ്രയ പദ്ധതി സംബന്ധിച്ച പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ.

1. നിരാലംബരും നിരാശ്രയരും അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് അത്താണിയായ ഒരു പദ്ധതിയാണ് ആശ്രയ.
2. കുടുംബതല പ്രോജക്ട്, ഭക്ഷണം, ചികിത്സ, പാർപ്പിടം എന്നിവയ്ക്കാണ് മുൻഗണന നല്കിയതെന്ന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു.
3. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വളരെയധികം ആശ്വാസകരമായ പദ്ധതിയാണ്.
4. സമൂഹ്യമായി ബഹിഷ്കൃതരായ ഒരു വിഭാഗത്തിന്റെ നേർക്ക് പൊതുജന ശ്രദ്ധ തിരിക്കുന്നതിന് സഹായിച്ചു.
5. പഞ്ച ായത്ത് ഭരണസമിതിയും സി.ഡി.എസ്. സമിതിയും ഉദ്യാഗസ്ഥരും സഹകരിച്ചു പ്രവർത്തിച്ച പഞ്ചായത്തുകളിലാണ് പദ്ധതി പ്രവർത്തനം നന്നായി നടന്നിട്ടുള്ളത് എന്ന് കാണുവാൻ സാധിക്കും.
6. പദ്ധതി നിർവ്വഹണത്തിന്റെ സാമ്പത്തികലഭ്യത: എല്ലാ പഞ്ചായത്തുക ളിലും പ്ലാൻഫണ്ടും, കുടുംബശ്രീ ചലഞ്ച് ഫണ്ടും ആണ് പ്രധാന മായും ഉപയോഗിച്ചത്.
7. ഗുണഭോക്താക്കളിൽ ചിലർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അനർഹരാണ്
8. അർഹരായ മുഴുവൻ പേരെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല
9. പ്രോജക്ടിൽ വകയിരുത്തിയിരുന്ന (ഇതര സർക്കാർ വകുപ്പുകൾ / ഏജൻസികൾ / സംഘടനകൾ തുടങ്ങിയവരുടെ) തുക ലഭ്യമാകാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്.
10. മോണിറ്ററിംഗിനായി പ്രത്യേകസമിതി രൂപീകരിച്ചു എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു എങ്കിലും ടി സമിതിയുടെ പ്രവർത്തനം ചുരുക്കം പഞ്ചായത്തുകളിലൊഴികെ വേണ്ടത്ര ഫലവത്തായി നടപ്പാക്കിയതായി കാണുന്നില്ല.
11. ഭക്ഷണം, മരുന്ന് തുടങ്ങിയവ തുടർച്ചയായി ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്.

12. സ്ഥലം വാങ്ങി വീടുവച്ചു നൽകുന്നതിനു പകരം ആയതിനുള്ള തുക നൽകി സഹായം പരിമിതപ്പെടുത്തുന്നു.
13. ഭവന നിർമ്മാണത്തിനുള്ള കാലവിളംബം
14. ആശ്രയ പദ്ധതി ഒരു ഭവനനിർമ്മാണ പദ്ധതിയായി മാത്രം ചുരുങ്ങുന്നു
15. പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന സേവന പദ്ധതികളിൽ മുൻഗണന നൽകണമെന്ന ഗവൺമെന്റ് നിർദ്ദേശം അവഗണിക്കപ്പെടുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 39

09.09.2009- ൽ മറുപടിക്ക്.

തീരദേശ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തീരദേശ സുരക്ഷയ്ക്കായി തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | : (എ) തീരദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് കേരളത്തിന് 8 തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ് :<br>1. വിഴിഞ്ഞം - തിരുവനന്തപുരം<br>2. നീണ്ടകര - കൊല്ലം<br>3. തോട്ടപ്പള്ളി - ആലപ്പുഴ<br>4. ഫോർട്ട്കൊച്ചി - എറണാകുളം<br>5. അഴീക്കോട് - തൃശ്ശൂർ<br>6. ബേപ്പൂർ - കോഴിക്കോട്<br>7. അഴീക്കൽ - കണ്ണൂർ<br>8. ബേക്കൽ (തലങ്ങര) - കാസർഗോഡ് |
| (ബി) ഇപ്പോൾ ഏതെല്ലാം തീരദേശ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണമാണ് നടന്നുവരുന്നത് ; | : (ബി) നീണ്ടകര തീരദേശ പോലീസ് സ്റ്റേഷന്റെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്തുകഴിഞ്ഞു. വിഴിഞ്ഞം, തോട്ടപ്പള്ളി, ഫോർട്ട് കൊച്ചി, അഴീക്കോട്, ബേപ്പൂർ, അഴീക്കൽ എന്നീ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പണി പുരോഗമിച്ചു വരുന്നു. കാസർഗോഡ് ജില്ലയിലെ |

തലങ്ങര തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം റവന്യൂ വകുപ്പിന്റെ 27.08.2009-ലെ ജി.ഒ.(എം.എസ്.) നമ്പർ: 336/09/റവ. പ്രകാരം ആഭ്യന്തര വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ; ഇതിനകം ലഭിച്ച സഹായങ്ങൾ വ്യക്തമാക്കുമോ ; | : (സി) തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകുന്ന സഹായങ്ങളുടെ അപ്രൂവ്ഡ് ഔട്ട്ലൈൻ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിൽ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി വകകൊള്ളിച്ചിട്ടുള്ളത് 197.60 ലക്ഷം രൂപയാണ്. ഇതിന്റെ അൻപതു ശതമാനമായ 98.80 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ആകെ 24 ബോട്ടുകൾ കേന്ദ്ര സർക്കാർ കേരളത്തിന് നേരിട്ട് നൽകുന്നതാണ്. (12 ടണ്ണിന്റെ 16 ബോട്ടുകളും, 5 ടണ്ണിന്റെ 8 ബോട്ടുകളും) ഇതിൽ 12 ടണ്ണിന്റെ ഒരു ബോട്ട് നീണ്ടകര തീരദേശ പോലീസ് സ്റ്റേഷന്റെ ആവശ്യത്തിനായി ഗോവ ഷിപ്പ്യാർഡ് വഴി ലഭിച്ചിട്ടുണ്ട്. മറ്റ് ബോട്ടുകൾ ഇനിയും ലഭിക്കാനുണ്ട്. നീണ്ടകര പോലീസ് സ്റ്റേഷന് ആവശ്യമായ ജീപ്പുകൾ, മോട്ടോർ സൈക്കിളുകൾ മറ്റ് അവശ്യസാധനങ്ങൾ എന്നിവ വാങ്ങുന്നതിനായി 19,80,000/-രൂപ കേന്ദ്രഗവൺമെന്റ് ഗ്രാന്റായി നൽകിയിട്ടുണ്ട്. രണ്ട് ലക്ഷം രൂപ POL ചാർജ്ജിനത്തിലും, 10,40,000/-രൂപ കടലിൽ പട്രോളിംഗ് നടത്തുന്ന ബോട്ടുകളുടെ വാടകയിനത്തിലും അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാനത്തിന് എത്ര തീരദേശ പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളത് ; കൂടുതൽ തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്രസമീപനം എന്താണ് ; | : (ഡി) കേരളത്തിന് താഴെ പറയുന്ന 8 തീരദേശ പോലീസ് സ്റ്റേഷനുകളാണ് ഇപ്പോൾ കേന്ദ്രം അനുവദിച്ചു നൽകിയിട്ടുള്ളത് :<br>1. വിഴിഞ്ഞം - തിരുവനന്തപുരം<br>2. നീണ്ടകര - കൊല്ലം<br>3. തോട്ടപ്പള്ളി - ആലപ്പുഴ<br>4. ഫോർട്ട്കൊച്ചി - എറണാകുളം<br>5. അഴീക്കോട് - തൃശ്ശൂർ<br>6. ബേപ്പൂർ - കോഴിക്കോട്<br>7. അഴീക്കൽ - കണ്ണൂർ<br>8. ബേക്കൽ (തലങ്കര) - കാസർഗോഡ്<br>02.07.2009-ലെ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരം തീരദേശ സുരക്ഷാപദ്ധതിയുടെ രണ്ടാം ഘട്ടമായി 10 പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു. |
| (ഇ) തീരദേശ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | : (ഇ) സംസ്ഥാനത്ത് 76 തീരദേശ ജാഗ്രതാ സമിതികൾ രൂപീകരിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ആയതിൽ 73 തീരദേശ ജാഗ്രതാ സമിതികൾ രൂപീകരിച്ച് കഴിഞ്ഞു. |

Ambikadevi

സെക്ഷൻ ഓഫീസർ

Annexure I

Appendix (5)

**COASTAL SECURITY SCHEME**

**Items and allocations approved by the HLEC for the Perspective plan for coastal security proposed by the Government of Kerala**

(Rupees in lakhs)

| S.No | Items approved | Estimated cost per unit | Outlay approved |
|---|---|---|---|
| 1 | Coastal Police Stations- 8 | Rs.24.70 lakhs | 197.60 |
| 2 | Vessels : 12 Tonnes- 16<br>5 Tonnes- 8 | Rs.200 lakhs<br>Rs.100 lakhs | 3200.00<br>800.00 |
| 3 | Vehicles: Jeeps- 16<br>Motor Cycles: 24 | Rs.4 lakhs<br>Rs.0.60 lakhs | 64.00<br>14.40 |
| 4. | Lump- sum assistance for 8 PS | Rs.10 lakhs per PS | 80.00 |
| | **Total** | | **4356.00** |

Ambikadevi S
Section Officer

## പന്ത്രണ്ടാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.40. 09.09.2009-ൽ മറുപടിക്ക്

### വികേന്ദ്രീകൃതാസൂത്രണവും വികസനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കിയ വികേന്ദ്രീകൃതാസൂത്രണവും വികസനവും സംബന്ധിച്ച് വിലയിരുത്തുന്നതിനും പ്രാദേശികാസൂത്രണവും നിർവ്വഹണവും മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച ഡോ.എം.എ.ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും വിശദമാക്കുമോ; | (എ) പ്രൊഫ.എം.എ.ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ നിഗമനങ്ങളുടേയും ശുപാർശകളുടേയും സംഗ്രഹം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പ്രസിദ്ധീകരിച്ചത്, അനുബന്ധമായി ചേർക്കുന്നു. |
| (ബി) കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) അക്കാദമിക് രംഗത്തെ പ്രഗല്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 2009 ജൂലൈ 16 ന് ഒരു ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. |
| (സി) ജില്ലാആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി) ഉണ്ട്, പ്രസ്തുത ശുപാർശകൾ പരിശോധിച്ചുവരുന്നു. |

— — — — — — — —

| | | | |
|---|---|---|---|
| (ഡി) | തദ്ദേശസ്ഥാപനങ്ങളിലെ ധന മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഇതു സംബന്ധിച്ചുള്ള പ്രൊഫ. ഉമ്മൻ കമ്മറ്റിയുടെ ശുപാർശകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

— — — — — — —

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 41

9.9.2009-ൽ മറുപടിയ്ക്ക്

## ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. വാഹീദ്:<br>ശ്രീ.ജി. കാർത്തികേയൻ:<br>ശ്രീ.എ.റ്റി. ശക്തൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് ഫൈനലൈസ് ചെയ്തുവോ; | എ. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് ഫൈനലൈസ് ചെയ്തിട്ടില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്നതിനായുള്ള പുതിയ സർവ്വേയുടെ എന്യൂമറേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടേയുള്ളൂ. |
| ബി. ഈ ലിസ്റ്റ് ഫൈനലൈസ് ചെയ്യാത്തതുമൂലം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കൊടുക്കേണ്ട കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ആനുകൂല്യങ്ങൾ കൊടുക്കുവാൻ സാധ്യമാകാതെ വന്നിട്ടുണ്ടോ; | ബി. & |
| സി. ഉണ്ടെങ്കിൽ സാമൂഹ്യക്ഷേമ നടപടികൾ പ്രകാരമുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് കൊടുക്കുവാൻ കഴിയാതെ വന്നിട്ടുള്ളതെന്നു വ്യക്തമാക്കുമോ ? | സി. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് ഫൈനലൈസ് ചെയ്യാത്തതുമൂലം കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ കൊടുക്കുവാൻ സാധ്യമാകാതെ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 42

9.9.2009-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ:<br>ശ്രീ.എൻ. അനിരുദ്ധൻ:<br>ശ്രീമതി.ഇ.എസ്. ബിജിമോൾ:<br>ശ്രീ.കെ. അജിത്:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | എ. | ഇല്ല. |
| ബി. നിലവിൽ പ്രതിവർഷം എത്ര തൊഴിൽ ദിനങ്ങളാണ് ഉറപ്പായുള്ളത്; ഇത് എത്രയായി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി. | ഒരു കുടുംബത്തിന് പ്രതിവർഷം 100 തൊഴിൽ ദിനങ്ങളാണ് ഉറപ്പ് നൽകിയിട്ടുള്ളത്. നിലവിൽ അവർക്ക് ലഭ്യമായ തൊഴിൽ ദിനങ്ങൾക്ക് പുറമെയുള്ള അധിക തൊഴിൽ അവസരമാണിത്. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. |
| സി. ഈ പദ്ധതിക്ക് ആവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കാനുള്ള എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | സി. | ഫണ്ട് യഥാസമയം ലഭ്യമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br><br>1. പഞ്ചായത്ത് അടിസ്ഥാനത്തിൽ സമയബന്ധിതമായി ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നു. ഇപ്രകാരം വരും വർഷം എത്ര ഫണ്ട് ആവശ്യമാണെന്നത് തലേ വർഷം ഡിസംബർ മാസം തന്നെ കേന്ദ്ര സർക്കാരിനെ അറിയിക്കും.<br>2. 20-7-09-ലെ ജി.ഒ.(പി) നമ്പർ.138/09/ എൽ.എസ്.ജി.ഡി. (624/2009 നമ്പർ വിജ്ഞാപനം) പ്രകാരം സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.<br>3. ഫണ്ട് ട്രാൻസ്ഫർ ഇലക്ട്രോണിക്കായി (RTGS സംവിധാനം വഴി ) നടത്തുന്നു. |

സെക്ഷൻ ഓഫീസർ.

4

## പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 43 - 09.09.2009 ൽ മറുപടിക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.ജെ ജേക്കബ്<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ.എം.എം.മോനായി | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പ് മന്ത്രി |
| എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിന് പുറമെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കെ.എഫ്.സിയുടെ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ തൊടുപുഴയിലും പെരുമ്പാവൂരിലും ഓരോ ബ്രാഞ്ചും പ്രവർത്തിക്കുന്നു. ബ്രാഞ്ചുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വ്യവസായത്തിന് പരമാവധി രണ്ടര കോടി രൂപ വരെ വായ്പ അനുവദിക്കാനുള്ള അധികാരം ബ്രാഞ്ച് ഓഫീസിനും രണ്ടര കോടി രൂപക്ക് മേൽ 5 കോടി രൂപ വരെ വായ്പ നൽകുന്നതിന് മേഖലാ ഓഫീസുകളെയും അധികാരപ്പെടുത്തിയിരിക്കുന്നു. 5 കോടി രൂപക്ക് മുകളിലുള്ള വായ്പ അനുവദിക്കുന്നതിനുള്ള അധികാരം ഹെഡ് ഓഫീസിനാണ്. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വായ്പാ പദ്ധതികളുടെ വിവരം നൽകുന്നതിനും മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും എല്ലാ ബ്രാഞ്ച് ഓഫീസുകളിലും കസ്റ്റമർ റിലേഷൻ സെൽ പ്രവർത്തിക്കുന്നു. പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും, തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കുള്ള പ്രത്യേക പാക്കേജിനും രൂപം നൽകിയിട്ടുണ്ട്. കെ.എഫ്.സിയുടെ നിഷ്ക്രിയ ആസ്തി 10 ശതമാനത്തിൽ താഴെയാക്കി. കുറഞ്ഞ നിരക്കിൽ കമ്പോള വായ്പയെടുത്ത് കെ.എഫ്.സി യുടെ പലിശ നിരക്കിൽ കുറവു വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

| | | |
|---|---|---|
| ബി. | വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും കോർപ്പറേഷനിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള കാര്യങ്ങൾ സംരംഭകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും വേണ്ടി എല്ലാ ജില്ലാ ഓഫീസുകളിലും കസ്റ്റമർ റിലേഷൻ മാനേജർമാരെ നിയോഗിച്ചിട്ടുണ്ട്. |
| സി. | വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് കോർപ്പറേഷൻ പ്രത്യേക വായ്പാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള വായ്പ റീഷെഡ്യൂൾ ചെയ്യാനും ആവശ്യമെന്നു കണ്ടാൽ അഡീഷണൽ ലോൺ അനുവദിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. |
| ഡി. | കഴിഞ്ഞ വർഷം കോർപ്പറേഷൻ എത്ര കോടി രൂപ വായ്പ നൽകി; | കഴിഞ്ഞ സാമ്പത്തിക വർഷം (2008-09) കോർപ്പറേഷൻ 293.45 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| ഇ. | തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് വായ്പ നൽകുന്ന പദ്ധതി പ്രകാരം ഇതു വരെ എത്ര ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഈ പദ്ധതി ആരംഭിച്ചത് 2009 ജൂലൈയിൽ മാത്രമാണ്. ഇതു വരെ 19.75 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 44 — 09/09/2009-ൽ മറുപടിക്ക്

## ഹൈവേ പട്രോൾ ടീമുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി.<br>ശ്രീ.വി.ശിവൻകുട്ടി.<br>ശ്രീ.എ.എം യൂസഫ്.<br>ശ്രീമതി.പി.അയിഷാ പോറ്റി.<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| ബി) ഹൈവേ പട്രോൾ ടീമുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br>സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) ഉണ്ട്.<br>സി) ഹൈവേ പട്രോൾ ടീമുകളുടെ പ്രവർത്തനം കൃത്യമായി വിലയിരുത്താറുണ്ട്. ഇവയുടെ ഓരോ മാസത്തേയും പ്രവർത്തനം തൊട്ടടുത്ത മാസത്തെ ആദ്യത്തെ വാരത്തിൽതന്നെ പരിശോധിച്ച് വിലയിരുത്തുകയും അതനുസരിച്ച് വേണ്ടുന്ന തിരുത്തൽ നടപടികൾക്കായുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നൽകാറുണ്ട്.<br>ഹൈവേ പട്രോൾ വാഹനങ്ങളിൽ പ്രവർത്തിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2009 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ കേരളാ പോലീസ് അക്കാദമിയിൽ വച്ച് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഇവരുടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഒരു കൈപുസ്തകം (ഹൈവേ പട്രോൾ ഗൈഡ്) വിതരണം ചെയ്തിട്ടുണ്ട്. |
| ഡി) ഹൈവേ പട്രോൾ ടീമുകളുടെ നേതൃത്വത്തിൽ ഹൈവേ-സുരക്ഷാ-ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ഡി) ഹൈവേസുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ച് കേരളം മുഴുവൻ നടപ്പിലാക്കിക്കൊണ്ട്, സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.117/09/ആഭ്യന്തരം dt.25.07.2009 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു). |

| | | |
|---|---|---|
| ഇ) | എങ്കിൽ ഈ സമിതികളുടെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് വ്യക്തമാക്കുമോ; | ഇ) ഓരോ ജാഗ്രതാസമിതിയും മാസത്തിലൊരിക്കലെങ്കിലും യോഗം കൂടേണ്ടതും, സ്ഥലത്തെ റോഡ് സുരക്ഷയെക്കുറിച്ചും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനെ കുറിച്ചും ചർച്ചചെയ്യേണ്ടതും അതിൽ നിന്നുണ്ടാകുന്ന നിർദ്ദേശങ്ങൾ ഹൈവേ പെട്രോൾ എസ്.ഐ.മാർ മിനിട്ട്സ് ആയി രേഖപ്പെടുത്തി, സി.ഐ.ക്കും, ഡി.വൈ.എസ്.പി.ക്കും അയച്ചു കൊടുക്കേണ്ടതുമാണ്. വേണ്ടി വന്നാൽ നിർദ്ദേശങ്ങൾ ജില്ലാ പോലീസ് സൂപ്രണ്ടിനും ജില്ലാതല ട്രാഫിക് സുരക്ഷാ കൗൺസിലിനും നൽകാവുന്നതുമാണ്.<br>ഈ സമിതിയിലെ പ്രവർത്തകർ ഹൈവേകളിലെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നിതാന്ത ജാഗ്രത പുലർത്തേണ്ടതാണ്.<br>കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി അപകടം കുറയ്ക്കുന്നതിനുള്ള പരിഹാരം സമിതി മീറ്റിംഗുകളിൽ അവതരിപ്പിക്കേണ്ടതാണ്.<br>പ്രീപെയ്ഡ് ഓട്ടോ, ടാക്സി തുടങ്ങിയ ട്രാഫിക് സംവിധാനങ്ങൾ നടപ്പിലാക്കാൻ സഹായിക്കേണ്ടതാണ്.<br>ടാക്സി ഓട്ടോ ഡ്രൈവർമാർ, കാൽനടയാത്രക്കാർ, ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവർ തുടങ്ങി വിവിധ രംഗങ്ങളിൽ ഉള്ളവർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.<br>സന്നദ്ധ സംഘടനകളുടേയും, ആംബുലൻസ് സർവ്വീസുകളുടെയും സഹകരണത്തോടെ അപകടത്തിൽപ്പെടുന്നവരെ സഹായിക്കുക തുടങ്ങിയവയാണ് സമിതിയുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ. |
| എഫ്) | കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ പ്രത്യേകം നിരീക്ഷിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ? | എഫ്) കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ഹൈവേ പട്രോൾ ഉദ്യോഗസ്ഥർക്കും മറ്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45

09.09.2009-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ് | ഡോ. ടി.എം. തോമസ് ഐസക്ക്<br>ബഹു. ധനകാര്യ വകുപ്പുമന്ത്രി |

## മാന്ദ്യവിരുദ്ധ പാക്കേജ്

| | | |
|---|---|---|
| (എ) | സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക , തൊഴിലും വരുമാനവും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായുള്ള പൊതുമൂലധന നിക്ഷേപം ഉയർത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള മാന്ദ്യ വിരുദ്ധ പാക്കേജാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതിൽ, സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ള പട്ടിക വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, ആശ്രയസ്കീം കുടുംബങ്ങൾ എന്നിവർക്കും രണ്ടു രൂപയ്ക്കു റേഷനരി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മാവേലി സ്റ്റോറുകൾ വഴി 14 രൂപയ്ക്ക് യഥേഷ്ടം അരി വിതരണം ചെയ്യുന്നു. ഭക്ഷ്യ സബ്സിഡിയ്ക്കായി മാത്രം 150 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ തുക 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിച്ചു. ദുർബല വിഭാഗങ്ങളുടെ ഭവന വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചു. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പയെടുത്ത പട്ടികജാതി പട്ടിക വർഗ്ഗക്കാർ, പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ പലിശയും പിഴപ്പലിശയും |

25000 രൂപവരെയുള്ള മുതലും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി 3000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ ജലസേചന പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികളുടെ നിർമ്മാണത്തിനുമായി 668.68 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പെയ്ഡ് അപ് ക്യാപ്പിറ്റൽ 30 കോടി രൂപവരെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് കെ.എഫ്.സി.ക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കോഴിക്കോട് സിറ്റി ഇംപ്രൂവ്മെൻറ് പ്രോജക്ടിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിനു 95.22 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചുകഴിഞ്ഞു. മത്സ്യബന്ധനമേഖലയിൽ ആഗോള മാന്ദ്യം നേരിടുന്നതിന് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 കോടി രൂപയിൽ, ഇതിനകം തന്നെ 5.68 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | ഈ പാക്കേജ് പ്രകാരം നടപ്പ് സാമ്പത്തികവർഷം ഉണ്ടാകാനിടയുള്ള ചെലവ് എത്രയാണെന്ന് കണക്ക് കൂട്ടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | വിവിധ പദ്ധതികളുടെ നടത്തിപ്പ് അതിൻെറ പ്രാരംഭ ഘട്ടത്തിലായതിനാൽ നടപ്പു സാമ്പത്തിക വർഷത്തിൽ ഉണ്ടാകാനിടയുള്ള ചെലവ് എത്രയാണെന്ന് ഇപ്പോൾ കണക്കാക്കാൻ ആവില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.46 9-9-2009- ൽ മറുപടിയ്ക്ക്

**മത്സ്യകേരളം പദ്ധതി**

ചോദ്യം

ശ്രീ.പി.വിശ്വൻ :

ശ്രീ.വി.എൻ.വാസവൻ :

ശ്രീ.എ.എം.ആരിഫ് :

ശ്രീ.സി.കെ.സദാശിവൻ :

ശ്രീ.ആനത്തലവട്ടം ആനന്ദൻ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ച 'മത്സ്യകേരളം' പദ്ധതിയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പദ്ധതിമൂലം കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (ബി) മത്സ്യകേരളം പദ്ധതിയുടെ ഒന്നാംഘട്ടമാണ് ഇതിനകം പൂർത്തിയായിട്ടുള്ളത്. ഓരുജല കൃഷിക്ക് പ്രാധാന്യം നല്കിയ ഒന്നാംഘട്ടത്തിൽ ചെമ്മീൻ, കല്ലുമ്മേക്കായ എന്നിവയാണ് പ്രധാനമായും കൃഷി നടത്തിയത്. ആകെ 2140 ഹെക്ടറിൽ ചെമ്മീൻ കൃഷിയും 12.25 ഹെക്ടറിൽ കരിമീൻകൃഷിയും നടന്നു. കൂടാതെ 802 മസ്സൽ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിച്ചു. ഇവയിൽനിന്നായി ഏകദേശം 2200 ടൺ ചെമ്മീനും 2395 ടൺ കല്ലുമ്മേക്കായയും 8 ടൺ കരിമീനും ഉല്പാദിപ്പിക്കുവാൻ സാധിച്ചു. ഇതുമൂലം ഏകദേശം 45 കോടി രൂപ കർഷകർക്ക് ലഭിച്ചു. രണ്ടാംഘട്ടമായ ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. |
| (സി) പദ്ധതിയിൽ എത്ര കർഷകർ പങ്കാളിയായി എന്ന് വെളിപ്പെടുത്തുമോ ; കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിയതെന്ന് അറിയിക്കുമോ ; | (ബി) ഇതിനകം പൂർത്തീകരിച്ച ഒന്നാംഘട്ട കൃഷിയിൽ (ഓരുജല കൃഷി) ആകെ 4607 കർഷകരാണ് (ഗുണഭോക്താക്കൾ) പങ്കെടുത്തത്. 71 കോടി രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ള മത്സ്യകേരളം പദ്ധതിയിൽ 24 കോടി രൂപ കർഷകർക്കുള്ള സബ്സിഡിയാണ്. മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ചെമ്മീൻ ഉൾപ്പെടെയുള്ള ഓരുജല കൃഷിക്ക്, ആദ്യവർഷം കുളം ഒരുക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും 30000/- രൂപയും, ഇൻപുട്ട് സബ്സിഡി 10000/- |

രൂപയും ഉൾപ്പെടെ ആകെ 40000/- രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നതാണ്. രണ്ടാം വർഷത്തിൽ ആദ്യവർഷത്തെ ഇൻപുട്ട് സബ്സിഡിയുടെ 75 ശതമാനവും (പരമാവധി 7500/- രൂപ) മൂന്നാംവർഷത്തിൽ ഇൻപുട്ട് സബ്സിഡിയുടെ 50 ശതമാനവും (പരമാവധി 5000/- രൂപ) കർഷകർക്ക് ആനുകൂല്യം ലഭിക്കും. ശുദ്ധജല മത്സ്യകൃഷിക്ക് ആദ്യവർഷം കുളം റിപ്പയർ, കുളം ഒരുക്കൽ എന്നിവയ്ക്ക് പരമാവധി ഹെക്ടറിന് 12000/- രൂപയും ഇൻപുട്ട് സബ്സിഡി ഹെക്ടറിന് 6000/- രൂപയും ഉൾപ്പെടെ 18000/- രൂപ സബ്സിഡിയായി ലഭിക്കും. രണ്ടാംവർഷത്തിൽ ആദ്യഘട്ടത്തിലെ/വർഷത്തെ ഇൻപുട്ട് സബ്സിഡിയുടെ 75 ശതമാനവും (പരമാവധി 4500/- രൂപ) മൂന്നാം വർഷത്തിൽ ആദ്യവർഷത്തെ ഇൻപുട്ട് സബ്സിഡിയുടെ 50 ശതമാനവും (പരമാവധി 3000 രൂപ) കർഷകർക്ക് ആനുകൂല്യം ലഭിക്കും. ഇവ കൂടാതെ മറ്റുകൃഷിരീതികൾക്കുള്ള ആനുകൂല്യങ്ങൾ താഴെപറയുന്നവയാണ്.

| ക്രമ നം. | കൃഷി രീതി | സഹായധന നിരക്ക് (രൂപ) |
|---|---|---|
| 1 | നെല്ല്/മത്സ്യം/ചെമ്മീൻ/ പാടശേഖരങ്ങൾ/പരിത്യക്തമായ ജലപ്രദേശങ്ങളിലെ കൃഷി | 24000/ഹെക്ടർ |
| 2 | സംയോജിത മത്സ്യകൃഷി | 16000/ഹെക്ടർ |
| 3 | അലങ്കാര മത്സ്യോല്പാദനം | 40000/യൂണിറ്റ് |
| 4. | മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ | 10000/യൂണിറ്റ് |
| 5 | കൊതുക് (കൂത്താടി) നിർമ്മാർജ്ജന മത്സ്യ കൃഷി/ഉൽപ്പാദനം | 20000/യൂണിറ്റ് |
| 6 | മത്സ്യസമ്പത്ത് വികസന പരിപാടികൾ | 100% |
| 7 | പ്രദർശന കൃഷിയിടങ്ങൾ/പഞ്ചായത്തുതല സമൂഹ മത്സ്യക്കുളങ്ങൾ എന്നിവയുടെ സംസ്ഥാപനം | 100% |

| | | | |
|---|---|---|---|
| | 8 | കർഷകരുടെ വിള ഇൻഷൂറൻസ് പദ്ധതി (ഹെക്ടർ) | 50% (പരമാവധി ഹെക്ടറിന് 1500 രൂപ) |
| | 9 | കക്ക/ ചിപ്പി /കല്ലുമ്മക്കായ കൃഷി (ഹെക്ടർ) | 2500 |
| | 10 | കടൽപ്പായൽ കൃഷി (യൂണിറ്റുകൾ) | 40000 |
| | 11 | കൂടുകളിലെ മത്സ്യകൃഷി (യൂണിറ്റുകൾ) | 12500 |
| | 12 | ഞണ്ടുകൃഷി (യൂണിറ്റുകൾ) | 12500 |
| | 13 | മത്സ്യവിത്തുല്പാദക യൂണിറ്റുകൾ/ശീതജല മത്സ്യം ഉൾപ്പെടെയുള്ളവയുടെ വിത്ത് ബാങ്കുകൾ | 80000 |
| | 14 | മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ | 100000 |
| | 15 | ഗുണനിലവാര നിയന്ത്രണ ശാലകളുടെ സംസ്ഥാപനം | 100% |
| | 16 | കക്ക/ ചിപ്പി ശുദ്ധീകരണ യൂണിറ്റുകൾ | 50000 |
| | 17 | ജലകൃഷിക്കുള്ള സംയോജിത പരിശീലന പരിപാടികൾ | 100% |
| | 18 | വിപുലീകരണ സേവന യൂണിറ്റുകളുടെ സംസ്ഥാപനം | 100% |
| | 19 | സഞ്ചരിക്കുന്ന ക്ലിനിക്കുകൾ | 100% |
| | 20 | പാഠ്യവിവരങ്ങൾ/ കൈപ്പുസ്തകങ്ങൾ തയ്യാറാക്കൽ, ആധാരവത്ക്കരണം | 100% |
| | 21 | മത്സ്യകർഷക ക്ലബ്ബുകളുടെ സംസ്ഥാപനം | 3000/ക്ലബ്ബ് |

| | |
|---|---|
| (ഡി) 'മത്സ്യകേരളം' പദ്ധതിയുടെ രണ്ടാംഘട്ടം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; | (ഡി) രണ്ടാംഘട്ടം പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. |
| (ഇ) രണ്ടാംഘട്ടത്തിൽ എത്ര ടൺ മത്സ്യം ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ഇ) ശുദ്ധജല മത്സ്യം, ആറ്റുകൊഞ്ച്, മറ്റ് തദ്ദേശീയ ഇനങ്ങൾ എന്നിവ കൃഷി ചെയ്ത് മൊത്തം പതിനായിരം ടൺ ഉല്പാദിപ്പിക്കുന്നതിനാണ് രണ്ടാംഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 47 09-09-09 ൽ മറുപടിക്ക്

ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പാക്കുന്നതിന് നടപടി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. ബാബു.എം.പാലിശ്ശേരി :<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.എം.ഹംസ:<br>ശ്രീ.എ.സി.മൊയ്തീൻ:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ: | ഡോ.റ്റി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) വാണിജ്യ നികുതി അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) 2009-10 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം വാറ്റ് രജിസ്ട്രേഷൻ എടുത്തിട്ടുള്ള എല്ലാ വ്യാപാരികളും അവരുടെ റിട്ടേൺ ഇലക്ട്രോണിക് മാദ്ധ്യമത്തിലൂടെ ഫയൽ ചെയ്യുന്നതിന് വാണിജ്യ നികുതി വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കമ്പ്യൂട്ടർ വൽക്കരണത്തിന്റെ മറ്റൊരു നാഴികക്കല്ലായ ഇ - പേയ്മെന്റ് സംവിധാനത്തിന് സെപ്റ്റംബർ 2009 ന് തുടക്കം കുറിക്കുന്നു. വ്യാപാരി തന്റെ റിട്ടേൺ ഫയൽ ചെയ്യുന്നതിനോടൊപ്പം തൻമാസം ഒടുക്കേണ്ടതായ നികുതിയും ഇലക്ട്രോണിക് മാദ്ധ്യമത്തിലൂടെ വ്യാപാരിയുടെ അക്കൗണ്ടിൽ നിന്നോ വ്യാപാരി അധികാരപ്പെടുത്തിയ അക്കൗണ്ടിൽ നിന്നോ കൈമാറ്റം ചെയ്ത് സർക്കാരിലേക്ക് അടക്കുന്ന നടപടി ക്രമമാണ് ഇ - പേയ്മെന്റ് സംവിധാനം. ലളിതവും സുതാര്യവുമായ ഈ നികുതിയടവ് പ്രക്രിയ പൂർണ്ണ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നു. |

| | |
|---|---|
| (ബി) ഈ സമ്പ്രദായം മൂലം വ്യാപാരികൾക്കും സർക്കാരിനും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) <u>വ്യാപാരികൾക്കുള്ള നേട്ടം</u><br><br>ഇ - പേയ്മെന്റ് മുഖേന ഒടുക്കുന്ന നികുതി തൽസമയം വ്യാപാരിയുടെ പേരിൽ വരവ് വെയ്ക്കപ്പെടുന്നു. അടച്ച തുകക്ക് ക്രെഡിറ്റ് നൽകിയില്ല എന്ന പരാതി ഒഴിവാക്കപ്പെടുന്നു.<br><br>നികുതി ഒടുക്കൽ രേഖകൾ ഓഫീസിൽഹാജരാക്കേണ്ടതില്ല<br><br>നികുതി ബാദ്ധ്യതയുടെ വിവരവും ഒടുക്കിയ വിവരവും ഇലക്ട്രോണിക് മാദ്ധ്യമത്തിലൂടെ വ്യാപാരികൾക്ക് ഏതു സമയത്തും ലഭ്യമാണ്.<br><br>നികുതി ഒടുക്കൽ പ്രക്രിയ ലളിതവും സുതാര്യവും സുരക്ഷിതവുമായ മാർഗ്ഗത്തിൽ പൂർത്തിയാക്കാവുന്നതാണ്.<br><br><u>സർക്കാരിനുള്ള നേട്ടം</u><br><br>നികുതി കാലതാമസമില്ലാതെ സർക്കാർ അക്കൗണ്ടിൽ വരവ് വയ്ക്കപ്പെടുന്നു.<br><br>നികുതി ഒടുക്കൽ രേഖകൾ സ്വീകരിക്കലും, ബാങ്കിലേക്ക് കൈമാറി പണമാക്കി മാറ്റുന്നതും രജിസ്റ്ററുകൾ പുതുക്കൽ റിക്കൺസിലേഷൻ തുടങ്ങി നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ഒഴിവാകുന്നു.<br><br>ജോലി ഭാരം കുറക്കുന്നു.<br><br>ഓരോ വ്യാപാരിയുടെയും നികുതി ഒടുക്കൽ വിവരം തൽസമയം ലഭ്യമാകുന്നു.<br><br>കാര്യക്ഷമത വർദ്ധിക്കുന്നു.<br><br>കേന്ദ്രീകൃത റിക്കൺസിലേഷൻ സാദ്ധ്യമാകുന്നു. |

| | |
|---|---|
| (സി) ഏതെല്ലാം ബാങ്കുകളുടെ സേവനമാണ് ഇതിനായി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) എസ്.ബി.ഐ, എസ്.ബി.റ്റി എന്നീ ബാങ്കുകളുടെ സേവനമാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) സമ്പൂർണ്ണ ഇ-ഫയലിംഗ് എന്നത്തേക്ക് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ഡി) വാറ്റ് ഡീലർമാർക്ക് സമ്പൂർണ്ണ ഇ - ഫയലിംഗ് നടപ്പിലാക്കി വരുന്നു. മറ്റുള്ള നികുതി നിയമത്തിൻ കീഴിൽ വരുന്ന വ്യാപാരികളെ ഘട്ടം ഘട്ടമായി ഇ - ഫയലിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതാണ്. ഇതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല. |
| (ഇ) സമ്പൂർണ്ണ ഈ-ഫയലിംഗിന് നിയമപ്രാബല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) കേരള മൂല്യ വർദ്ധിത നികുതി നിയമം സെക്ഷൻ 27 എ ഭേദഗതി വരുത്തി ഇ - ഫയലിംഗിന് നിയമ സാധുത നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.48 9.9.2009 ൽ മറുപടിക്ക്

ഇസ്ലാമിക ബാങ്ക്

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യവകുപ്പുമന്ത്രി |
|---|---|
| (എ). സംസ്ഥാനത്ത് "ഇസ്ലാമിക ബാങ്ക്" ആരംഭിക്കുന്നതിന് ഗവൺമെന്റോ ഏതെങ്കിലും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമോ തീരുമാന മെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | സംസ്ഥാനത്ത് ഇസ്ലാമിക ധനകാര്യ സ്ഥാപനം ആരംഭിക്കുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) പ്രാരംഭ നടപടികൾ കൈക്കൊണ്ടുവരുന്നു. ഈ സ്ഥാപനത്തിൽ ഓഹരി നിക്ഷേപം നടത്താൻ ഈ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. |
| ബി. പ്രസ്തുത ബാങ്കിന്റെ മൂലധനം എത്രയാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത ബാങ്കിൽ നിക്ഷേപം നടത്താൻ താൽപര്യം പ്രകടിപ്പിച്ചവർ ആരെല്ലാം; പേരുവിവരം വെളിപ്പെടുത്തുമോ; | ആയിരം കോടി രൂപയാണ് പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെ മൂലധനമായി ഉദ്ദേശിക്കുന്നത്. പ്രസ്തുത ധനകാര്യ സ്ഥാപനത്തിൽ നിക്ഷേപം നടത്താൻ ഡോ.പി.മുഹമ്മദലി, ശ്രീ.സി.കെ.മേനോൻ, ശ്രീ.അബ്ദുൽ വഹാബ്, ശ്രീ.പി.കെ.അഹമ്മദ്, ശ്രീ.വി.കെ.സി.മമ്മദ്കോയ, ശ്രീ.ഇ.എം.നജീബ് ഉൾപ്പെടെയുള്ള പല പ്രമുഖ നിക്ഷേപകരും താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |
| സി. പ്രസ്തുത ബാങ്കിന്റെ നിയന്ത്രണം ആരുടെ അധീനതയിലായിരിക്കും; ഇതിന്റെ പ്രവർത്തനങ്ങൾക്ക് ഉപദേശം നൽകുന്നതി നായി അഡൈ്വസറി കമ്മിറ്റിയ്ക്ക് രൂപം നൽകുമോ; വിശദാംശം വെളിപ്പെടുത്തുമോ ? | പ്രസ്തുത ഇസ്ലാമിക ധനകാര്യ സ്ഥാപനത്തിന്റെ നിയന്ത്രണം മുതൽമുടക്കുന്ന സ്വകാര്യ നിക്ഷേപകരുടെ അധീനതയിലായിരിക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്ക് ഉപദേശം നൽകുന്നതിനായി അഡൈ്വസറി കമ്മിറ്റിക്ക് പ്രസ്തുത ഇസ്ലാമിക ധനകാര്യ സ്ഥാപനം രൂപം നൽകുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 49 09-09-09 ൽ മറുപടിക്ക്

## അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാഴികാടൻ :<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ.റോഷി അഗസ്റ്റിൻ: | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ലോട്ടറി വകുപ്പ് ഏതൊക്കെയിനം ലോട്ടറികളാണ് ഇപ്പോൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; ഓരോന്നിനുമുള്ള സമ്മാനത്തുകകൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും, 2 ദ്വൈവാര ഭാഗ്യക്കുറികളും, വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളുമാണ് നടത്തിവരുന്നത് ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**പ്രതിവാര ഭാഗ്യക്കുറികൾ**<br>1. തിങ്കളാഴ്ച - മെഗാവിൻ - 30 ലക്ഷം രൂപയും 100 പവൻ തങ്കനാണയവും . എല്ലാ പരമ്പരകൾക്കും പൊതുവായി.<br>2. ചൊവ്വാഴ്ച - പെരിയാർ - 20 ലക്ഷം രൂപ. എല്ലാ പരമ്പരകൾക്കും പൊതുവായി.<br>3. ബുധനാഴ്ച - വിൻ-വിൻ - 40 ലക്ഷം രൂപയും 50 പവൻ തങ്കനാണയവും. എല്ലാ പരമ്പരകൾക്കും പൊതുവായി.<br>4. വ്യാഴാഴ്ച - ചൈതന്യ - 21 ലക്ഷം രൂപ. എല്ലാ പരമ്പരകൾക്കും പൊതുവായി.<br>5. വെള്ളിയാഴ്ച - കൈരളി - 20 ലക്ഷം രൂപ. എല്ലാ പരമ്പരകൾക്കും പൊതുവായി.<br>6. ശനിയാഴ്ച - സൗഭാഗ്യ - 20 ലക്ഷം രൂപ. എല്ലാ പരമ്പരകൾക്കും പൊതുവായി.<br>7. ഞായറാഴ്ച - സൺ-ഫൺ - 21 ലക്ഷം രൂപ. എല്ലാ പരമ്പരകൾക്കും പൊതുവായി.<br><br>**ദ്വൈവാര ഭാഗ്യക്കുറികൾ**<br>1. ട്വന്റി - ഫിഫ്റ്റി - മാസത്തിലെ 5-ാം തീയതിയും, 20-ാം തീയതിയും. ഒന്നാം സമ്മാനമായി 50 ലക്ഷം രൂപ എല്ലാ പരമ്പരകൾക്കും പൊതുവായി നൽകുന്നു.<br>2. കനകധാര - മാസത്തിലെ 10-ാം തീയതിയും, 25-ാം തീയതിയും. ഒന്നാം സമ്മാനമായി 201 പവൻ തങ്ക നാണയങ്ങൾ എല്ലാ പരമ്പരകൾക്കും പൊതുവായി നൽകുന്നു. |

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികൾ നടത്തി വരുന്നുണ്ട്. ഇവയുടെ ഒന്നാം സമ്മാനം നിശ്ചയിക്കുന്നത് പ്രസ്തുത ബമ്പർ ഭാഗ്യക്കുറി നടത്തുന്ന ഉത്സവകാലയളവോ അല്ലെങ്കിൽ പ്രത്യേക ലക്ഷ്യത്തെയോ ആസ്പദമാക്കിയാണ്.

(ബി) പ്രതിവാരം ശരാശരി എന്ത് തുക ലോട്ടറി വില്പനയിലൂടെ സർക്കാരിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ലോട്ടറി.വിൽപന കണക്ക് പ്രതിമാസമാണ് തയ്യാറാക്കി വരുന്നത്. ഏപ്രിൽ 2009 മുതൽ, ആഗസ്റ്റ് 2009 വരെയുള്ള പ്രതിമാസ വരുമാനവും ഏകദേശ പ്രതിവാര വരുമാനവും ചുവടെ ചേർക്കുന്നു.

| മാസം | പ്രതിമാസം (തുക കോടിയിൽ) | പ്രതിവാരം (ഏകദേശം) |
|---|---|---|
| ഏപ്രിൽ | 38.47 | 8.97 |
| മെയ് | 37.40 | 8.44 |
| ജൂൺ | 40.25 | 9.39 |
| ജൂലൈ | 48.21 | 10.88 |
| ആഗസ്റ്റ് | 52.82 | 11.92 |

(സി) മേൽപ്രകാരമുള്ള ലോട്ടറികൾക്ക് പുറമേ ഏതൊക്കെ അന്യസംസ്ഥാന ലോട്ടറികളാണ് ഇവിടെ വിൽക്കുന്നത്;

(സി) ഭൂട്ടാൻ, സിക്കിം എന്നീ ഗവൺമെന്റുകളുടെ ലോട്ടറികൾ വിൽക്കുന്നുണ്ട്.

(ഡി) പ്രസ്തുത ലോട്ടറികളെ ഫലപ്രദമായി നിയന്ത്രിക്കാൻ നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

(ഡി) 1998ലെ ലോട്ടറീസ് റഗുലേഷൻ ആക്ട് എന്ന കേന്ദ്ര സർക്കാരിന്റെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ലോട്ടറി വിൽപന നടന്നു വരുന്നത്. അന്യ സംസ്ഥാന ലോട്ടറികൾ ഈ കേന്ദ്ര നിയമം ലംഘിച്ചാൽ നടപടി എടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന് W.A.88/07ലെ 30-03-07ലെ വിധിയിൽ ബഹു.ഹൈക്കോടതി പ്രഖ്യാപിക്കുകയുണ്ടായി. ഇതു സംബന്ധമായ കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ശക്തമായ നടപടി എടുക്കാൻ കഴിയില്ല. ഇത്തരം നിയമലംഘനത്തിനെതിരെ നടപടി എടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ-- പന്ത്രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.50 | 9-9-2009- ൽ മറുപടിയ്ക്ക്

**<u>മത്സ്യ ഉല്പാദനം</u>**

<u>ചോദ്യം</u> :

ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ.പി.തിലോത്തമൻ :
ശ്രീ.കെ.അജിത് :
ശ്രീ.ബാബു പോൾ.:

<u>മറുപടി</u>

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ലക്ഷം ടൺ മത്സ്യം ഉത്പാദിപ്പിക്കുന്നുണ്ട് ; ഇതിൽ എത്ര ടൺ കയറ്റി അയയ്ക്കുന്നുണ്ട് ; | (എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഉൽപ്പാദിപ്പിച്ച മത്സ്യത്തിന്റെ കണക്കും കഴിഞ്ഞ നാലു വർഷക്കാലയളവിൽ കയറ്റുമതി ചെയ്ത മത്സ്യത്തിന്റെ കണക്കും ചുവടെ ചേർക്കുന്നു. |

**<u>സമുദ്ര മത്സ്യഉല്പാദനം</u>**

| വർഷം | ഉല്പാദനം (മെട്രിക് ടൺ) |
|---|---|
| 2004-05 | 601863 |
| 2005-06 | 558913 |
| 2006-07 | 598057 |
| 2007-08 | 586286 |
| 2008-09 | 583150 |

**<u>ഉൾനാടൻ മത്സ്യഉല്പാദനം</u>**

| വർഷം | ഉല്പാദനം (മെട്രിക് ടൺ) |
|---|---|
| 2004-05 | 76451 |
| 2005-06 | 77980 |
| 2006-07 | 79647 |
| 2007-08 | 81041 |
| 2008-09 | 83653 |

| | |
|---|---|
| | **മത്സ്യകയറ്റുമതി**<br><br>വർഷം — കയറ്റുമതി (ടൺ)<br>2004-05 — 87378<br>2005-06 — 97311<br>2006-07 — 108617<br>2007-08 — 100319 |
| (ബി) സംസ്ഥാനത്ത് പ്രതിവർഷം മത്സ്യത്തിന്റെ ആഭ്യന്തര ഉപഭോഗം എത്ര ടണ്ണാണെന്ന് വ്യക്തമാക്കുമോ ; | 2007-2008 -ലെ കണക്ക് പ്രകാരം 572592 മെട്രിക് ടൺ മത്സ്യം പ്രതിവർഷം സംസ്ഥാനത്ത് ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. |
| (സി) മത്സ്യവിതരണ മേഖല ഉൾപ്പെടെ സംസ്ഥാനത്ത് മൊത്തം എത്ര മത്സ്യത്തൊഴിലാളികളുണ്ട് ; ഇതിൽ മീൻപിടുത്തക്കാരായ മത്സ്യത്തൊഴിലാളികൾ എത്ര പേരുണ്ട് ; | (സി) 2007-2008 -ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് മൊത്തം 1122157 മത്സ്യത്തൊഴിലാളികൾ ഉണ്ട്. ഇതിൽ 227815 മീൻപിടുത്തക്കാരായ സജീവ മത്സ്യത്തൊഴിലാളികളുണ്ട്. |
| (ഡി) സംസ്ഥാനത്തെ ലഭ്യമായ ഏതെല്ലാം ഇനം മത്സ്യങ്ങളെയാണ് 'നെഗറ്റീവ് ലിസ്റ്റിൽ' ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ഡി) സംസ്ഥാനത്ത് ലഭ്യമായ ഏകദേശം 16 ഇനം മത്സ്യങ്ങളെ എക്സ്ക്ലൂഷൻ ലിസ്റ്റിൽപെടുത്തിയിട്ടുണ്ട് എന്നാണ് പ്രാഥമിക പരിശോധനയിൽ വ്യക്തമാവുന്നത്. എക്സ്ക്ലൂഷൻ ലിസ്റ്റിലെ ഉല്പന്നങ്ങളെയാണ് നെഗറ്റീവ് ലിസ്റ്റ് എന്നു പൊതുവെ പറയുന്നത്. നെഗറ്റീവ് ലിസ്റ്റിലെ ഉല്പന്നങ്ങളുടെ തീരുവ ഓരോ വർഷവും പുനരവലോകനം ചെയ്യണമെന്ന വ്യവസ്ഥ കരാറിലുണ്ട്. ഇന്ത്യയുടെ വിപണി ഇറക്കുമതിക്കായി തുറന്നുകൊടുക്കുന്നതിന് വാർഷിക പുനരവലോകനത്തിന്റെ അടിസ്ഥാനത്തിൽ നെഗറ്റീവ് ലിസ്റ്റിലെ ഉല്പന്നങ്ങൾ തീരുവയില്ലാതെ ഇറക്കുമതി ചെയ്യാ |

| വർഷം | കയറ്റുമതി (ടൺ) |
|---|---|
| 2004-05 | 87378 |
| 2005-06 | 97311 |
| 2006-07 | 108617 |
| 2007-08 | 100319 |

| | |
|---|---|
| | വുന്ന സാധാരണ ലിസ്റ്റിലേക്ക് മാറും. |
| (ഇ) ഇത്തരത്തിൽ മത്സ്യങ്ങളെ 'നെഗറ്റീവ് ലിസ്റ്റിൽ' ഉൾപ്പെടുത്തിയത് നമ്മുടെ മത്സ്യമേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഇ) ഉണ്ട്. നെഗറ്റീവ് ലിസ്റ്റ് ഒരു താല്ക്കാലിക സംവിധാനം മാത്രമാണ്. നെഗറ്റീവ് ലിസ്റ്റിന്റെ പിൻബലത്തിൽ മത്സ്യമേഖലയ്ക്ക് ഇറക്കുമതിയുടെ ആഘാതത്തിൽനിന്നും രക്ഷപ്പെടാൻ കഴിയുകയില്ല. ഏതുമത്സ്യം ഏതുവിധത്തിൽ ഇറക്കുമതിചെയ്താലും അത് മത്സ്യമേഖലയെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് മത്സ്യമേഖലയിൽ ഇറക്കുമതി പാടില്ല എന്ന നിലപാടാണ് കക്ഷിഭേദമന്യേ എല്ലാ ട്രേഡ് യൂണിയനുകളും സർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.51 9.9.2009 ൽ മറുപടിയ്ക്ക്

ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ | ഡോ.റ്റി .എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 15.5.07 ലെ ജി.ഒ (എം.എസ്) നം.124/07/നികുതി നമ്പർ ഉത്തരവിലൂടെ ഭാഗ്യക്കുറി നടത്തിപ്പ് സമഗ്രമായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് നവീകരിക്കുന്നതിനും, പുന:സംഘടിപ്പിക്കുന്നതിനും സർക്കാർ അനുമതി നൽകി.<br>നവീകരണ പ്രക്രിയയുടെ ഭാഗമായി കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് വിപുലമായ അധികാരങ്ങൾ നൽകി. പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നതിനും സമ്മാനഘടന പരിഷ്കരിക്കുക, പരസ്യങ്ങൾ നൽകുക എന്നീ വിഷയങ്ങളിലും ഡയറക്ടർക്ക് കൂടുതൽ അധികാരങ്ങൾ നൽകി. ജില്ലാ ഭാഗ്യക്കുറി ആഫീസർമാർക്ക് പാസ്സാക്കാവുന്ന സമ്മാനത്തുകയുടെ പരിധി 5,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടർക്ക് ഒരു ലക്ഷം രൂപയ്ക്കു മുകളിലും, ഡയറക്ടർക്ക് 20 ലക്ഷം രൂപയ്ക്കു മുകളിലുമുള്ള ക്ലെയിമുകൾ പാസ്സാക്കാൻ അനുമതി നൽകി.<br>2. 2007 ജൂലൈ മാസം വരെ വകുപ്പ് ആകെ 4 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ ആറു ബമ്പർ ഭാഗ്യക്കുറികളുമാണ് നടത്തി വന്നിരുന്നത്. കൂടുതൽ നികുതിയേതര വരുമാനം സ്വരൂപിക്കുന്നതിനായി പുതുതായി 3 പ്രതിവാര ഭാഗ്യക്കുറികളും ദ്വൈവാര ഭാഗ്യക്കുറികളും അധികമായി ആരംഭിച്ചു. നിലവിൽ 7 പ്രതിവാര |

ഭാഗ്യക്കുറികളും 2 ദ്വൈവാര ഭാഗ്യക്കുറികളും വർഷത്തിൽ ആറു ബമ്പർ ഭാഗ്യക്കുറികളും നടത്തിവരുന്നു. സമ്മാനത്തുകയോടൊപ്പം സ്വർണ്ണവും നൽകി വരുന്ന ഭാഗ്യക്കുറികളും ഇതിൽ ഉൾപ്പെടുന്നു.

3. നവീകരണ പ്രക്രിയയുടെ ഭാഗമായി ടിക്കറ്റ് അച്ചടി വിതരണം, സമ്മാന വിതരണം പരസ്യ പ്രക്ഷേപണം, സംപ്രേഷണം എന്നി മേഖലകളിൽ ക്രിയാത്മകമായ പരിഷ്കാരം വരുത്തി. കടക്കുറ്റി സമ്പ്രദായം ഒഴിവാക്കാനായി ടിക്കറ്റുകളിൽ കൂടുതൽ സുരക്ഷാ ക്രമീകരണങ്ങളോടെ റാന്റം നമ്പറിംഗ്, ബാർകോഡിംഗ് തുടങ്ങിയ പുതിയ സാങ്കേതികങ്ങൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ടിക്കറ്റ് അച്ചടിയിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, കാക്കനാട്, കെ.ബി.പി.എസ്. എന്നിവയ്ക്കു പുറമേ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രഫിക്ക് സെന്ററിന്റെ സേവനം കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
4. ഭാഗ്യക്കുറി ടിക്കറ്റുകൾ രജിസ്റ്റേർഡ് ഏജന്റുമാർക്ക് ബാങ്ക് ഗ്യാരണ്ടി വ്യവസ്ഥയിൽ കടമായി നൽകിത്തുടങ്ങിയതിനെ തുടർന്ന് വിൽപനയിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്.
5. കൂടുതൽ ഏജന്റുമാരെ ചേർക്കുന്നതിലേയ്ക്കായി ഏജൻസി ഫീസ് 400/- രൂപയിൽ നിന്നും 200/- രൂപയായും, പുതുക്കൽ ഫീസ് 100/- രൂപയിൽ നിന്നും 50/- രൂപയായി കുറവ് ചെയ്യുകയും, കാഷ്വൽ ഏജൻസി ഫീസ് 50/- രൂപയായി നിജപ്പെടുത്തുകയും ചെയ്തു.
6. സേവന തൽപരത, കൃത്യനിർവ്വഹണം എന്നിവ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ജീവനക്കാർക്ക് കെൽട്രോൺ, ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ നടപ്പിലാക്കി.
7. വിൽപന വർദ്ധിപ്പിക്കുന്നതിന് പരസ്യ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിനായി മൊത്തം വിറ്റുവരവിന്റെ 3% വരുന്ന തുക പരസ്യ ചെലവിനത്തിൽ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകി.

| | |
|---|---|
| | 8. രണ്ടാം ഘട്ടം കമ്പ്യൂട്ടറൈസേഷൻ തന്നെ ലക്ഷ്യമാക്കുകയും ഉണ്ടായി. വകുപ്പിനു വേണ്ടി കെൽട്രോൺ വികസിപ്പിച്ച ലോട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ലിംസ്) ബി.എസ്.എൻ.എൽ.ന്റെ 512 എം.ബി.പി.എസ് ബ്രോഡ് ബാന്റ് (വി.പി.എൻ. സഹിതം) വഴി 21.1.2008 മുതൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. വകുപ്പിന്റെ പ്രധാന ജോലികളായ ടിക്കറ്റു വിൽപന സമ്മാന വിതരണം എന്നിവ തൽഫലമായി ഓൺ ലൈനായി നിർവ്വഹിച്ചു വരുന്നു. വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്.<br>9. 2008-09 സാമ്പത്തിക വർഷത്തിൽ സിഡ്കോയുടെ സേവനം പ്രയോജന പ്പെടുത്തി തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസ് ഉന്നതരത്തിൽ നവീകരിക്കുകയുണ്ടായി. ശേഷിക്കുന്ന ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള ഓഫീസുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>10. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ മുതൽ ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ബി.എസ്.എൻ.എല്ലിന്റെ ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് ഫെസിലിറ്റിയിൻ കീഴിൽ മൊബൈൽ ഫോൺ കണക്ഷൻ നൽകി.<br>11. ഭാഗ്യക്കുറി വിൽപനക്കാരെ കൂടി ഉൾപ്പെടുത്തി നിലവിലുണ്ടായിരുന്ന ക്ഷേമനിധി ആകർഷകമായി പരിഷ്കരി ക്കുകയും ക്ഷേമനിധിയ്ക്ക് ആസ്ഥാന മന്ദിരം പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. ജില്ലാ വെൽഫെയർ ഫണ്ട് ഓഫീസുകൾ നിലവിലുള്ള ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു. |
| (ബി) ഓൺലൈൻ ലോട്ടറിയുടെ അധിനിവേശം സംസ്ഥാന ഭാഗ്യക്കുറിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ: | (ബി) ബാധിച്ചിട്ടില്ല |

| | |
|---|---|
| (സി) ഓൺലൈൻ ലോട്ടറി നിരോധനവുമായി ബന്ധപ്പെട്ട കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ? | (സി) ഓൺലൈൻ ലോട്ടറി ഗെയിമിങ് ആക്റ്റിൽ ഉൾപ്പെടുത്തികൊണ്ട് കേരള സർക്കാർ നിരോധിച്ചിരുന്നു. ഇതിനെതിരെ ഓൺലൈൻ ലോട്ടറി നടത്തിപ്പുകാർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ തള്ളപ്പെട്ടു. ഹൈക്കോടതി വിധിക്കെതിരെ ഓൺലൈൻ ലോട്ടറി നടത്തിപ്പുകാർ സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്യുകയും പ്രസ്തുത കേസുകൾ സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കുകയുമാണ്. |
| (ഡി) ഓൺലൈൻ ലോട്ടറിയ്ക്ക് പേപ്പർ ലോട്ടറിയ്ക്കു തുല്യമായ സ്ഥാനം നൽകാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം തടയാൻ നടപടി സ്വീകരിക്കുമോ; | (ഡി) ഇത്തരമൊരു നീക്കം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ സംസ്ഥാന സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വകക്ഷിയോഗം വിളിക്കുകയും യോഗതീരുമാന പ്രകാരം ബഹു.പ്രധാനമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തു. കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് സംസ്ഥാന ധനകാര്യ മന്ത്രി നിവേദനം നൽകിയിട്ടുണ്ട് കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരുടേയും എം.പി. മാരുടേയും ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുണ്ട്. തുടർന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) അന്യസംസ്ഥാനങ്ങളുടെ പേരിൽ നടത്തുന്ന വ്യാജ ലോട്ടറികൾ സംസ്ഥാനത്ത് പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) ഉണ്ട് |
| (എഫ്) ഭാഗ്യക്കുറി ഏജന്റുമാർക്കും വില്പനക്കാർക്കും ഏർപ്പെടുത്തിയ ക്ഷേമനിധിയിൽ നിന്നും ഇതിനകം എത്ര ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) പഴയ ക്ഷേമനിധി പ്രകാരം ടി ക്ഷേമനിധിയിൽ അംഗമായിരുന്ന 145 പേർക്ക് മരണാനന്തര സഹായമായി 14,15,429/- രൂപയും കാലാവധി പൂർത്തിയാക്കി പിരിഞ്ഞു പോയ 131 പേർക്ക് 3,86,612/- രൂപയും സ്വയം പിരിഞ്ഞു പോയ 859 പേർക്ക് 9,01,030/- രൂപയും വീതം (ആകെ 27,03,071/- രൂപ) നൽകിയിട്ടുണ്ട്. പുതുക്കിയ ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങളുടെ വിതരണം ആരംഭിച്ചിട്ടേയുള്ളൂ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 52

9-9-2009 ൽ
മറുപടിയ്ക്ക്

### ജലമേളകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. യൂസഫ്:<br>ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. വി.എൻ. വാസവൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ജലമേളകൾ പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ജലമേളകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നെഹ്റുട്രോഫി വള്ളംകളി മത്സരത്തിന്റെ ആദ്യത്തെ നാല് ജേതാക്കൾക്ക് 2 ലക്ഷം രൂപ, 1.50 ലക്ഷം രൂപ, ഒരു ലക്ഷം രൂപ, 50,000/- രൂപ എന്ന നിരക്കിൽ ടൂറിസം വകുപ്പ് സമ്മാന തുകയും ട്രോഫികളും വിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമേ കേരളത്തിൽ നടക്കുന്ന വിവിധ ജലമേളകൾക്ക് സംഘാടകരുടെ അഭ്യർത്ഥനയ്ക്ക് അനുസൃതമായി ധനസഹായം/സ്പോൺസർഷിപ്പ് ടൂറിസം വകുപ്പ് നല്കി വരുന്നുണ്ട്. ഇവ കൂടാതെ നെഹ്റു ട്രോഫി ജലമേളയിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്കും മറ്റു കളി വള്ളങ്ങൾക്കും അറ്റകുറ്റ പണികൾക്കായി മെയിന്റനൻസ് ഗ്രാന്റും നല്കി വരുന്നുണ്ട്. |
| ബി) ലോകത്തിലെ ഏറ്റവും വലിയ ജലമേളയായ നെഹ്റുട്രോഫി ജലമേളയെ അന്താരാഷ്ട്ര ജലമേളയുടെ പട്ടികയിലേക്കുയർത്താൻ നടപടി സ്വീകരിക്കുമോ; | ബി) നെഹ്റു ട്രോഫി ജലമേള അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയ ജലമേളയാണ്. ടൂറിസം വകുപ്പിന്റെ വിപണന മാധ്യമങ്ങൾ ഉപയോഗിച്ച് ലോകം മുഴുവൻ ഈ ജലമേളയെ പരിചയപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് നെഹ്റുട്രോഫി ജലമേള നന്നായി ആസ്വദിക്കാൻ സഹായക മാകുന്ന വിധത്തിൽ സ്റ്റേഡിയത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുമോ; | സി) | ഫിനിഷിംഗ് പോയിന്റിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ പര്യാപ്തമാണ്. കൂടുതൽ സ്ഥിരസംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. |
| ഡി) | പുന്നമടക്കായലിലേക്ക് എത്തിച്ചേരുന്ന ഇടത്തോടുകളും കായലുകളും ഗതാഗതയോഗ്യമാക്കുന്നതിനും സൗന്ദര്യ വൽക്കരിക്കുന്നതിനും നടപടി സ്വീകരി ക്കുമോ; | ഡി) | ആലപ്പുഴ പട്ടണത്തിലെ കനാലുകൾ നവീകരിക്കുന്നതിന് 5.14 കോടി രൂപയുടെ ഒരു പദ്ധതി ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയിരുന്നു. എന്നാൽ മലിന ജലം ഒഴുക്കി വിടുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത നിമിത്തം ഈ സൗന്ദര്യവത്ക്കരണ പദ്ധതി പൂർണ്ണമായും ഫലം കണ്ടിട്ടില്ല. അതിനാൽ ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്ന മുറയ്ക്ക് ഇടത്തോടുകളുടെ സൗന്ദര്യവത്കരണത്തിന് പദ്ധതി തയ്യാറാക്കാവുന്നതാണ്. |
| ഇ) | സംസ്ഥാനത്തെ ജലമേളകളെ ആകർഷകമാക്കുന്നതിനും അന്താരാഷ്ട്ര ടൂറിസപ്രാധാന്യം ലഭ്യമാക്കുന്നതിനുമായി ഒരു പ്രത്യേക പാക്കേജ് ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | എല്ലാ ജലമേളകളെയും കോർത്തിണക്കി ഒരു പ്രത്യേക മാർക്കറ്റിംഗ് പാക്കേജിന് രൂപം നൽകാൻ നടപടി എടുത്തുവരുന്നു. അതിന്റെ ആദ്യപടിയായി ജലമേളകളുടെ നിലവാരം തിട്ടപ്പെടുത്തി സർക്കാർ സഹായം ലഭ്യമാക്കാൻ പ്രത്യേക മാനദണ്ഡങ്ങൾക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. |

Sreenath (signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ-53

09/09-2009-ൽ
മറുപടി നൽകേണ്ടത്

## വാർഡ് പുനർനിർണ്ണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.ടി. അഹമ്മദ് അലി<br>ശ്രീ. യു.സി. രാമൻ<br>ശ്രീ. എം. ഉമ്മർ | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയിലുള്ള വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം ചെയ്യുന്നതിന് ആലോചനയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം എന്നാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും 2010 സെപ്റ്റംബറിൽ നടത്തേണ്ട പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി പുനർനിർണ്ണയവും നടത്തുന്നതിന് 20/07/2009 -ലെ വിജ്ഞാപന പ്രകാരം ഡീലിമിറ്റേഷൻ കമ്മീഷൻ പുനസംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള ആകെ വാർഡുകളിൽ എത്ര എണ്ണമാണ് ഇത്തവണ വനിതാ വാർഡുകളാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | ത്രിതല പഞ്ചായത്തുകളിലേയും നഗരസഭകളിലേയും ആകെ വാർഡുകളിൽ നേർപകുതി (50%) വാർഡുകൾ വനിതാ സംവരണ വാർഡുകളാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എത്ര എണ്ണം പട്ടികജാതി/ പട്ടികവർഗ്ഗ വാർഡുകളാക്കാൻ ആലോചിക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | കേരള മുനിസിപ്പൽ ആക്ട്/ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും മൽസരിക്കുന്നതിനുള്ള സംവരണ സീറ്റ് മൊത്തം സീറ്റിന്റെ അനുപാതത്തിലും സെൻസസിന്റെ അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തിലെയും/നഗരസഭയിലെയും ആകെ ജനസംഖ്യ, പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ എന്നിവയുടെ അടിസ്ഥാനത്തിലുമാണ് നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ :54

9-9-2009-ൽ മറുപടിയ്ക്ക്

## മലബാർ പാക്കേജ്

ചോദ്യം

ശ്രീ.എം. ചന്ദ്രൻ :
ശ്രീ.പി.കൃഷ്ണ പ്രസാദ് :
ശ്രീ.പി.ജയരാജൻ :
ശ്രീ.ജോർജ്.എം.തോമസ് :
ശ്രീ.കെ.കുഞ്ഞിരാമൻ :

(എ) സർക്കാരിന്റെ മലബാർ പാക്കേജിന്റെ ഭാഗമായി ടൂറിസം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളുടെ വികസനമാണ് പരിഗണനയിലുള്ളത് ;

ഉത്തരം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

(എ) മലബാർ പ്രദേശത്തെ ടൂറിസം പ്രാധാന്യമുള്ള റോഡുകളുടെ വികസനത്തിനായി 52 കോടി രൂപയും കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള നിലവിലുള്ള നാല് റോഡുകളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 25 കോടി രൂപയും പശ്ചാത്തല സൗകര്യ വികസനത്തിന് 10 കോടി രൂപയും മലബാർ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) മലബാറിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് ആവശ്യമായ വിവിധ പ്രദേശങ്ങളിലുള്ള റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവുമാണ് പരിഗണനയിലുള്ളത്. ഇതിന്റെ വിശദാംശങ്ങളും അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണം, വികസനം എന്നിവയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പാക്കേജിന്റെ ഭാഗമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്രകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | കണ്ണൂരിലെ സെന്റ് ആഞ്ചലോസ് - അറയ്ക്കൽ പാലസ് റോഡിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പദ്ധതിയുടെ ഭാഗമായി സ്വകാര്യ ടൂറിസം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) | പദ്ധതി നടപ്പിലാക്കുന്നത് പൂർണ്ണമായും സർക്കാർ ഫണ്ട് ഉപയോഗിച്ചാണ്. സ്വകാര്യ പങ്കാളിത്തം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No | Project Name | Name of the Executing Agency | Amount in (Rs. in Lakh) |
|---|---|---|---|
| 1 | Improvement to 19th Mile Pazhassi Dam Garden Road ( KM 0/000 to 6/270) in Kannur District (SH 30 to Pazhassi Garden) | PWD Roads Division Kannur | 7,90,00,000 |
| 2 | Improvement to Road leading to Meenkunnu – Chal Beach ( From NH 17KM 0/00 To 6/400) (Baliyapattam Highway Junction) | PWD Roads Division Kannur | 5,30,00,000 |
| 3 | Improvements to Dharmasala Parassinikadavu Road between Km 0/00 to 4/500 (Strengthening and providing BM & BC) | PWD (Roads Division) Kannur | 5,32,00,000 |
| 4 | Improvement to Maloor, Koovakkara, Chithravattom, Puralimala Road KM 2/630 TO 4/680 | PWD (Roads Division) Kannur | 2,65,00,000 |
| 5 | Improvement to Panathady – Ranipuram Road (KM 0/000 to 10/000 | PWD (Roads Division) Kasargod | 5,25,00,000 |
| 6 | Improvements to Neeleswaram Valiyaparamba Road between Km 0/000 to 13/290 | PWD (Roads Division) Kasargod | 7,10,00,000 |
| 7 | Purchase of Land for development of Roads to resort site as a part of infrastructural development at Bekal | BRDC | 650,00,000 |
| 8 | Improvement to the Road from Eranhipalam to Sarovaram Tourist spot | PWD (Roads Division) Kozhikode | 300,00,000 |
| 9 | Improvement to the Road connecting Kozhikode Mini Bypass and Thali Temple (Tourism heritage Project) | PWD (Roads Division) Kozhikode | 1,50,00,000 |
| 10 | Improvement to Kunhali Marakkar Road (Iringal -Kottakkal Road) and development to Infrastructure facilities to craft village at Iringal | PWD (Roads Division) Kozhikode | 3,30,00,000 |
| 11 | Improvement to Vadakara Lokanarkavu Temple Road from KM 0/00 to 4/350 | PWD (Roads Division) Kozhikode | 545,00,000 |
| 12 | Improvement to the Road leading to Edakkal caves from NH 212 at Kolagappara in Wayanad | PWD (Roads Division), Wayanad | 4,72,00,000 |
| 13 | Improvement to the Road leading to the Regional Agricultural Research Station at Ambalavayal from NH 212 in Wayanad | PWD (Roads Division), Wayanad | 2,00,00,000 |
| 14 | Standardization of Kavumannam HS to Karalad lake road between Km 0/000 to 3/400 in Wayanad district | PWD (Roads Division) Wayanad | 80,00,000 |
| 15 | Improvement the riding quality Nilambur Adyanpara Road between KM 0/000 and 14/500 by providing BM and BC works over the existing surface | PWD (Roads Division) Manjeri | 10,63,00,000 |

| Sl. No | Project Name | Name of the Executing Agency | Amount in (Rs. in Lakh) |
|---|---|---|---|
| 16 | Improvements to Koilery – Payyampally – Kurukkanmoola – Palvelicham – Kuruwadeep road | PWD Roads Division, Wayanad | 4,83,00,000 |
| 17 | Improvements to Punchavayal – Neervaram – Dasanakkara – Pakkom – Kuruwadeep Road | PWD Roads Division, Wayanad | 4,50,00,000 |
| 18 | Standardization to Vellamunda – Varambatta – Panthipoyil – Padinharathara Road in Wayanad District | PWD (Roads Division), Wayanad | 4,00,00,000 |
| 19 | Improvements to Begur – Thirunelly Road from Km. 0/000 to 13/100 | PWD (Roads Division), Wayanad | 5,75,00,000 |
| 20 | Improvements to II nd Gate Kuruwadeep Road in Thirunelly Grama Panchayath | PWD (Roads Division), Wayanad | 2,14,00,000 |
| 21 | Standardization to Padinharathara – Banasurasagar Dam – Panthipoyil Road in Wayanad | PWD (Roads Division), Wayanad | 1,50,00,000 |

മെമ്പർ സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 55

9. 9. 2009 - ൽ മറുപടിക്ക്

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എം. മോനായി :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ : | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് സൈബർ സംബന്ധമായ കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷണം നടത്തുന്നതിനും അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ (ക്രൈംസ്) ന്റെ മേൽനോട്ടത്തിൽ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് എസ്. സി. ആർ. ബി. യുടെ കീഴിൽ എസ്. സി. ആർ. ബി. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, സ്റ്റേഷൻ ഹൗസ് ഓഫീസറായി ഒരു സൈബർ പോലീസ് സ്റ്റേഷൻ 1.7.2009 മുതൽ പട്ടം സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പോലീസ് ആസ്ഥാനത്ത് ഒരു അസിസ്റ്റന്റ് കമാണ്ടന്റിന്റെ നേതൃത്വത്തിൽ ഹൈടെക് എൻക്വയറി സെല്ലും എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ കീഴിൽ ഓരോ സൈബർ ക്രൈം എൻക്വയറി സെല്ലുകളും പ്രവർത്തിച്ചുവരുന്നു. |
| (ബി) സൈബർ കുറ്റകൃത്യങ്ങളുടെ പരിധിയിൽ വരുന്ന പ്രധാന കുറ്റകൃത്യങ്ങൾ ഏതെല്ലാമാണ് ; | (ബി) ഐ. ടി. ആക്ട് പ്രകാരമുള്ള താഴെപറയുന്നവയാണ് പ്രധാനപ്പെട്ട സൈബർ കുറ്റകൃത്യങ്ങൾ.<br><br>Sec. 65 - Source code tampering and thefts<br>Sec. 66 - Hacking (Website, E - mail etc)<br>Sec. 67 - Publishing or sending obscene content through electronic media. |

| | |
|---|---|
| (സി) സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിന് പോലീസ് സംവിധാനം വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (സി) ഇന്റർനെറ്റും മറ്റു മാധ്യമങ്ങളും ഉപയോഗിച്ച് നടത്തുന്ന വിവിധ ഐ. പി. സി. കുറ്റകൃത്യങ്ങളും, Copy Right Act പ്രകാരമുള്ള Software Piracy, Video Piracy തുടങ്ങിയ കുറ്റകൃത്യങ്ങളും അന്വേഷിക്കുന്നതിന് ലോക്കൽ പോലീസിനെ, സൈബർ സെല്ലുകളും, ഹൈടെക് സെല്ലും, കൂടുതൽ ആവശ്യമെന്നു കണ്ടാൽ സൈബർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻമാരും സഹായിക്കുന്നുണ്ട്. ഈ സംവിധാനം സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചു വരുന്നതിനാൽ ഇതിനായി പോലീസ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല. |
| (ഡി) സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് പത്ര ദൃശ്യമാധ്യമങ്ങളിലൂടെ ഇത്തരം കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ നൽകിവരുന്നുണ്ട്. |
| (ഇ) ഹൈടെക് ക്രൈമുകൾ അന്വേഷിക്കുന്നതിന് സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് ഏറ്റവും പുതിയ അറിവ് ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ) ഹൈടെക് ക്രൈമുകൾ അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കേന്ദ്രസർക്കാർ സ്ഥാപനമായ C - DAC, തിരുവനന്തപുരം, മുഖേന പോലീസ് ഡിപ്പാർട്ട്മെന്റ് പരിശീലനം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.56.

9/9/2009 -ൽ മറുപടിക്ക്

## കുടുംബശ്രീ അംഗങ്ങൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ;<br>ശ്രീ.എൻ.രാജൻ;<br>ശ്രീ.പള്ളിപ്രം ബാലൻ;<br>ശ്രീ.എ.കെ.ചന്ദ്രൻ;<br>ശ്രീ.കെ.രാജു. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ്<br>മന്ത്രി |
| (എ) ഖരമാലിന്യം ശേഖരിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് ക്ഷേമനിധി ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) & (ബി) | ഖരമാലിന്യം ശേഖരിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ സുരക്ഷ, ക്ഷേമം, പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാഹനങ്ങൾ ഉൾപ്പെടെയുള്ള സാമഗ്രികളുടെ പരിപാലനം എന്നിവയെക്കുറിച്ച് സംസ്ഥാന ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർമാനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്മേൽ 23-7-2009-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നല്കുകയും, അതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ബാധ്യത നഗരസഭകളും ബന്ധപ്പെട്ട യൂണിറ്റുകളും 50:50 എന്ന അനുപാതത്തിൽ വഹിക്കണമെന്നും, 25-8-2009-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ. (എം.എസ്) |

|  |  |  |
| --- | --- | --- |
|  |  | 166/2009/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഖരമാലിന്യം ശേഖരിക്കുന്ന കുടുംബശ്രീ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന അംഗങ്ങളും സർക്കാർ നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാകുമെന്നതിനാൽ അവർക്ക് പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടില്ല. |
| (സി) | ഈ പദ്ധതികളിൽ എത്ര പേരെ അംഗങ്ങളാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തെ 30 നഗരസഭകളിലുള്ള 245 ഖരമാലിന്യ ശേഖരണ യൂണിറ്റുകളിലെ 2460 അംഗങ്ങൾക്ക് സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.57.

9/9/2009 -ൽ മറുപടിക്ക്

ആശ്രയ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.പി.മുഹമ്മദ്;<br>ശ്രീ.തിരുവഞ്ചൂർരാധാകൃഷ്ണൻ;<br>ശ്രീ.എം.മുരളി;<br>ശ്രീ.വർക്കല കഹാർ;<br>ശ്രീ.കെ.ബാബു. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) ആശ്രയപദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (എ) | 2002-03 സാമ്പത്തിക വർഷത്തിലാണ് ആശ്രയ പദ്ധതി ആരംഭിച്ചത്.<br>*പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു ,*<br>1. നിരാലംബരും നിരാശ്രയരും ആശയറ്റവരും അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സാമൂഹ്യമായി ബഹിഷ്കൃതരും പാർശ്വവൽക്കരിക്കപ്പെട്ടവരും യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് ആശ്രയ - അഗതി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി വിഭാവനം ചെയ്യുന്നു.<br>2. അഗതി കുടുംബത്തിന്റെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള പുനരധിവാസ പദ്ധതികൾ<br>3. അഗതികൾക്ക് ആവശ്യമുള്ള |

| | | | |
|---|---|---|---|
| | | | സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കൽ<br>4. അഗതി കുടുംബങ്ങളുടെ പ്രശ്ന പരിഹാരത്തിന് സമൂഹത്തിന്റെ പിന്തുണ ലഭ്യമാക്കുക. |
| (ബി) | ഈ പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പാക്കിയിട്ടുണ്ട്; | (ബി) | 761 ഗ്രാമ പഞ്ചായത്തുകളും 25 നഗരസഭകളും ഉൾപ്പെടെ, ആകെ 786 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | ഒട്ടാകെ എത്ര കുടുംബങ്ങളെ ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്; | (സി) | 61,265 കുടുംബങ്ങളെ ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (ഡി) | ആശ്രയപദ്ധതിയിൽ കൊണ്ടുവരുന്ന കുടുംബങ്ങളെ എത്ര കാലത്തിനുള്ളിൽ പൊതു ധാരയിൽ കൊണ്ടുവരാനാണ് ലക്ഷ്യമിട്ടത്; | (ഡി) | 3 വർഷം കൊണ്ട് ആശ്രയ പദ്ധതിയിൽ വരുന്ന കുടുംബങ്ങളെ പൊതുധാരയിൽ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഇ) | ഈ ലക്ഷ്യം സാക്ഷാത്കരിച്ചുവോ; | (ഇ) | *ഭാഗികമായി .* |
| (എഫ്) | ഈ പദ്ധതിയുടെ പ്രവർത്തനഫലം വിലയിരുത്തിയിട്ടുണ്ടോ; | (എഫ്) | ഉണ്ട്. |
| (ജി) | ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ജി) | 2007-ൽ കുടുംബശ്രീ മിഷൻ പദ്ധതി നിർവ്വഹണത്തെ വിലയിരുത്തിയിരുന്നു. അതിൽ പ്രധാനമായും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനഘടകങ്ങൾ, ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ, വിവിധ സ്രോതസ്സുകളിലൂടെ കണ്ടെത്താൻ ശ്രമിച്ച |

തുക, പ്രോജക്ട് രൂപീകരണ പ്രക്രിയ തുടങ്ങിയവ വിലയിരുത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഇംപ്ലിമെന്റിംഗ് ഓഫീസർമാർ, മെമ്പർ സെക്രട്ടറിമാർ, സി.ഡി.എസ് /എ.ഡി.എസ് ഭാരവാഹികൾ, സി.ഡി.എസ് ആശ്രയ സബ്കമ്മിറ്റി അംഗങ്ങൾ, ഗുണഭോക്താക്കൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടും പദ്ധതിയുടെ വിവിധതരത്തിലുള്ള ബുദ്ധിമുട്ടുകളും പോരായ്മകളും സംബന്ധിച്ചും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പദ്ധതി വിലയിരുത്തൽ പ്രക്രിയ നടത്തിയിരുന്നു. പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം.

## ആശ്രയ പദ്ധതി സംബന്ധിച്ച പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ.

1. നിരാലംബരും നിരാശ്രയരും അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് അത്താണിയായ ഒരു പദ്ധതിയാണ് ആശ്രയ.
2. കുടുംബതല പ്രോജക്റ്റ്, ഭക്ഷണം, ചികിത്സ, പാർപ്പിടം എന്നിവയ്ക്കാണ് മുൻഗണന നല്കിയതെന്ന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു.
3. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വളരെയധികം ആശ്വാസകരമായ പദ്ധതിയാണ്.
4. സമൂഹ്യമായി ബഹിഷ്കൃതരായ ഒരു വിഭാഗത്തിന്റെ നേർക്ക് പൊതുജന ശ്രദ്ധ തിരിക്കുന്നതിന് സഹായിച്ചു.
5. പഞ്ചായത്ത് ഭരണസമിതിയും സി.ഡി.എസ്. സമിതിയും ഉദ്യാഗസ്ഥരും സഹകരിച്ചു പ്രവർത്തിച്ച പഞ്ചായത്തുകളിലാണ് പദ്ധതി പ്രവർത്തനം നന്നായി നടന്നിട്ടുള്ളത് എന്ന് കാണുവാൻ സാധിക്കും.
6. പദ്ധതി നിർവ്വഹണത്തിന്റെ സാമ്പത്തികലഭ്യത: എല്ലാ പഞ്ചായത്തുകളിലും പ്ലാൻഫണ്ടും, കുടുംബശ്രീ ചലഞ്ച് ഫണ്ടും ആണ് പ്രധാനമായും ഉപയോഗിച്ചത്.
7. ഗുണഭോക്താക്കളിൽ ചിലർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അനർഹരാണ്
8. അർഹരായ മുഴുവൻ പേരെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല
9. പ്രോജക്ടിൽ വകയിരുത്തിയിരുന്ന (ഇതര സർക്കാർ വകുപ്പുകൾ / ഏജൻസികൾ / സംഘടനകൾ തുടങ്ങിയവരുടെ) തുക ലഭ്യമാകാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്.
10. മോണിറ്ററിംഗിനായി പ്രത്യേകസമിതി രൂപീകരിച്ചു എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു എങ്കിലും ടി സമിതിയുടെ പ്രവർത്തനം ചുരുക്കം പഞ്ചായത്തുകളിലൊഴികെ വേണ്ടത്ര ഫലവത്തായി നടപ്പാക്കിയതായി കാണുന്നില്ല.
11. ഭക്ഷണം, മരുന്ന് തുടങ്ങിയവ തുടർച്ചയായി ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്.

12. സ്ഥലം വാങ്ങി വീടുവച്ചു നൽകുന്നതിനു പകരം ആയതിനുള്ള തുക നൽകി സഹായം പരിമിതപ്പെടുത്തുന്നു.
13. ഭവന നിർമ്മാണത്തിനുള്ള കാലവിളംബം
14. ആശ്രയ പദ്ധതി ഒരു ഭവനനിർമ്മാണ പദ്ധതിയായി മാത്രം ചുരുങ്ങുന്നു
15. പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന സേവന പദ്ധതികളിൽ മുൻഗണന നൽകണമെന്ന ഗവൺമെന്റ് നിർദ്ദേശം അവഗണിക്കപ്പെടുന്നു.

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

**പന്ത്രണ്ടാം നിയമസഭ**
പതിനൊന്നാംസമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 58
09.09.2009 ൽ മറുപടിയ്ക്ക്

### ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനു നടപടി

ചോദ്യം | ഉത്തരം

ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.സി.എം. ദിനേശ് മണി
ശ്രീമതി.ജെ.അരുന്ധതി
ശ്രീ.കെ. സി. രാജഗോപാലൻ
ശ്രീ. സി. കെ. പി. പത്മനാഭൻ

ബഹു. ധനകാര്യ വകുപ്പുമന്ത്രി
ഡോ.തോമസ് ഐസക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 58

| ചോദ്യം | ഉത്തരം |
|---|---|
| എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | 1. പുതുതായി സർവീസിൽ പ്രവേശിക്കുന്ന ഓഡിറ്റർമാരുടെ 3 മാസത്തെ നിർബന്ധിത പരിശീലനം കാര്യക്ഷമമാക്കുന്നതിനായി ഗസ്റ്റ് ലക്ചർമാരെ നിയമിക്കുന്നതുൾപ്പെടെയുള്ള ചിലവുകൾക്ക് മതിയായ ഫണ്ട് അനുവദിച്ചു.<br>2. സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി (STP) അനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറിന്റെ (IMG) ആഭിമുഖ്യത്തിൽ വകുപ്പിലെ എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>3. കോഴിക്കോട് വികസന അതോറിറ്റി ആഡിറ്റ് നിർത്തലാക്കിയതിനെ തുടർന്ന് വകുപ്പിൽ അധികമായി വന്ന 3 തസ്തികകൾ കോഴിക്കോട് കോർപ്പറേഷന്റെയും വടകര നഗരസഭ യുടെയും നിലവിലുള്ള ആഡിറ്റ് ആഫീസുകളിൽ വിന്യസിച്ച് ആഡിറ്റ് ശക്തമാക്കാനും കുടിശ്ശിക ജോലി ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.<br>4. ബഹു. ഹൈക്കോടതിയുടെ അഭ്യർത്ഥന പരിഗണിച്ച് തിരുവിതാംകൂർ കൊച്ചി ദേവസ്വം |

| | |
|---|---|
| | ബോർഡ് ആഡിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി 6.8.2009 ലെ സർക്കാർ ഉത്തരവ് നം.5365/09/ധന പ്രകാരം താഴെ പറയുന്ന തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>തസ്തിക — തിരുവിതാംകൂർ — കൊച്ചി<br>1.ജോയിൻറ് ഡയറക്ടർ — 1 — –<br>2.ഡെപ്യൂ. ഡയറക്ടർ (ഹയർ ഗ്രേഡ്) — 1 — –<br>3. ആഡിറ്റ് ആഫീസർ — 2 — 1<br>4. ആഡിറ്റർ — 6 — 2<br>5. അറ്റൻറർ — – — 1<br><br>5. അർബൻ ലോക്കൽ ബോഡികളിൽ അക്രൂവൽ രീതിയിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കാനും ആദ്യപടിയായി സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും അത് നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ഇവിടുള്ള ആഡിറ്റ് കുടിശ്ശിക നിർമ്മാർജ്ജനം ചെയ്യാൻ വകുപ്പിൽ നിന്ന് താൽകാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ പുനർവിന്യസിച്ച് കുടിശ്ശിക നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്.<br>6. വകുപ്പ് കമ്പ്യൂട്ടർ വത്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനുവേണ്ടുന്ന പ്രോജക്റ്റ് റിപ്പോർട്ട് IHRD തയ്യാറാക്കികഴിഞ്ഞു. പ്രോജക്റ്റ് റിപ്പോർട്ട് ലോക്കൽ ഫണ്ട് കമ്പ്യൂട്ടറൈസേഷൻ ടെക്നിക്കൽ കമ്മറ്റി പരിശോധിച്ച ശേഷം ഐ.റ്റി വകുപ്പിന്റെ പരിഗണനയിലാണ്. |
| ബി) ഡോ.എം.എ. ഉമ്മൻ കമ്മീഷൻ റിപ്പോർട്ടിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളത്; | ഡോ.എം.എ. ഉമ്മൻ കമ്മീഷൻ റിപ്പോർട്ട് (Report of the committee of evaluation of decentralized planning and development) ഖണ്ഡിക 4.9.9 ൽ ആഡിറ്റ് ശക്തിപ്പെടുത്തണമെന്ന് അഭിപ്രായപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പോരായ്മകൾ അപ്പപ്പോൾ ചൂണ്ടിക്കാട്ടി തിരുത്തിപ്പോകുന്നതിനുള്ള സംവിധാനമായി രൂപീകരിക്കപ്പെട്ട പെർഫോർമൻസ് ഓഡിറ്റ് മറ്റൊരു ആഡിറ്റ് സംവിധാനമായി മാറിയതിനാൽ പെർഫോർമൻസ് ആഡിറ്റ് സംവിധാനം നിർത്തലാക്കുന്നത് സർക്കാർ പരിഗണിക്കണം എന്നുള്ളതാണ് കമ്മിറ്റിയുടെ ശുപാർശ. |

| | |
|---|---|
| സി) അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഇതു സംബന്ധിച്ച് ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല. |
| ഡി) സെൻ കമ്മീഷൻ ശുപാർശചെയ്ത പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ സ്വതന്ത്ര ചുമതലയുള്ള ആഡിറ്റ് കമ്മീഷൻ ആയി പരിവർത്തനം ചെയ്യുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

— — — — —

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.59 — 9.9.2009 ന് മറുപടിയ്ക്ക്

## ഓൺലൈൻ ലോട്ടറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു.<br>ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ. ബാബു പോൾ<br>ശ്രീ.വി.എസ്.സുനിൽ കുമാർ | ഡോ.റ്റി .എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഓൺലൈൻ ലോട്ടറി വ്യവസ്ഥാപിതമാക്കാനുള്ള കേന്ദ്ര നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ഓൺലൈൻ ചൂതാട്ടം നടപ്പിലാക്കാതിരിക്കാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കേരളത്തിൽ എല്ലാ വിധ കമ്പ്യൂട്ടർ വൽകൃത ഓൺലൈൻ ലോട്ടറികളും നിരോധിച്ചിട്ടുണ്ട്. ഈ സ്ഥിതി തുടരുവാനുള്ള തരത്തിൽ നിയമ നിർമ്മാണം കേന്ദ്ര സർക്കാർ നടത്തണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി സർവ്വ കക്ഷി യോഗം മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയും മേൽപ്പറഞ്ഞ ആവശ്യം കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകക്ഷി യോഗത്തിന്റെ തീരുമാനം കേരളത്തിൽ നിന്നുള്ള എല്ലാ കേന്ദ്രമന്ത്രിമാരേയും, എം.പി. മാരേയും അറിയിച്ചിട്ടുണ്ട്. യോഗതീരുമാന പ്രകാരം ബഹു. മുഖ്യമന്ത്രിയും, ബഹു.പ്രതിപക്ഷ നേതാവും, ധനകാര്യമന്ത്രിയും ചേർന്ന് ബഹു.പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. തുടർന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസ് ഏറ്റവും ഫലപ്രദമായി നടത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ഭാഗ്യക്കുറി ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) 15.5.07 ലെ ജി.ഒ.(എംഎസ്) നം.124/07/നി.വ നമ്പർ ഉത്തരവിലൂടെ ഭാഗ്യക്കുറി നടത്തിപ്പ് സമഗ്രമായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് നവീകരിക്കുന്നതിനും, പുന:സംഘടിപ്പിക്കുന്നതിനും സർക്കാർ അനുമതി നൽകി.<br>നവീകരണ പ്രക്രിയയുടെ ഭാഗമായി കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് വിപുലമായ അധികാരങ്ങൾ നൽകി. പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നതിനും സമ്മാന ഘടന പരിഷ്കരിക്കുക, പരസ്യങ്ങൾ നൽകുക എന്നീ വിഷയങ്ങളിലും ഡയറക്ടർക്ക് കൂടുതൽ അധികാരങ്ങൾ നൽകി. ജില്ലാ ഭാഗ്യക്കുറി ആഫീസർമാർക്ക് പാസ്സാക്കാവുന്ന സമ്മാനത്തുകയുടെ പരിധി 5,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടർക്ക് ഒരു ലക്ഷം രൂപയ്ക്കു മുകളിലും, ഡയറക്ടർക്ക് 20 ലക്ഷം രൂപയ്ക്കു മുകളിലുമുള്ള ക്ലെയിമുകൾ പാസ്സാക്കാൻ അനുമതി നൽകി.<br>2. 2007 ജൂലൈ മാസം വരെ വകുപ്പ് ആകെ 4 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ ആറു ബമ്പർ ഭാഗ്യക്കുറികളുമാണ് നടത്തി വന്നിരുന്നത്. കൂടുതൽ നികുതിയേതര വരുമാനം സ്വരൂപിക്കുന്നതിനായി പുതുതായി 3 പ്രതിവാര ഭാഗ്യക്കുറികളും ദ്വൈവാര ഭാഗ്യക്കുറികളും അധികമായി ആരംഭിച്ചു. നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും 2 ദ്വൈവാര ഭാഗ്യക്കുറികളും വർഷത്തിൽ ആറു ബമ്പർ ഭാഗ്യക്കുറികളും നടത്തിവരുന്നു. സമ്മാനത്തുകയോടൊപ്പം സ്വർണ്ണവും നൽകി വരുന്ന ഭാഗ്യക്കുറികളും ഇതിൽ ഉൾപ്പെടുന്നു. |

| | |
|---|---|
| | 3. നവീകരണ പ്രക്രിയയുടെ ഭാഗമായി ടിക്കറ്റ് അച്ചടി വിതരണം, സമ്മാന വിതരണം പരസ്യ പ്രക്ഷേപണം, സംപ്രേഷണം എന്നീ മേഖലകളിൽ ക്രിയാത്മകമായ പരിഷ്കാരം വരുത്തി. കടക്കുറ്റി സമ്പ്രദായം ഒഴിവാക്കാനായി ടിക്കറ്റുകളിൽ കൂടുതൽ സുരക്ഷാ ക്രമീകരണങ്ങളോടെ റാന്റം നമ്പറിംഗ്, ബാർകോഡിംഗ് തുടങ്ങിയ പുതിയ സാങ്കേതികങ്ങൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ടിക്കറ്റ് അച്ചടിയിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, കാക്കനാട്, കെ.ബി.പി.എസ്. എന്നിവയ്ക്കു പുറമേ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ സേവനം കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. ഭാഗ്യക്കുറി ടിക്കറ്റുകൾ രജിസ്റ്റേർഡ് ഏജന്റുമാർക്ക് ബാങ്ക് ഗ്യാരന്റി വ്യവസ്ഥയിൽ കടമായി നൽകിത്തുടങ്ങി ഇതിനെ തുടർന്ന് വിൽപനയിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്.<br>5. കൂടുതൽ ഏജന്റുമാരെ ചേർക്കുന്നതിലേയ്ക്കായി ഏജൻസി ഫീസ് 400/- രൂപയിൽ നിന്നും 200/- രൂപയായും, പുതുക്കൽ ഫീസ് 100/- രൂപയിൽ നിന്നും 50/- രൂപയായി കുറവ് ചെയ്യുകയും, കാഷ്വൽ ഏജൻസി ഫീസ് 50/- രൂപയായി നിജപ്പെടുത്തുകയും ചെയ്തു.<br>6. സേവന തൽപരത, കൃത്യനിർവ്വഹണം എന്നിവ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ജീവനക്കാർക്ക് കെൽട്രോൺ, ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ നടപ്പിലാക്കി.<br>7. വിൽപന വർദ്ധിപ്പിക്കുന്നതിന് പരസ്യ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിനായി മൊത്തം വിറ്റുവരവിന്റെ 3% വരുന്ന തുക പരസ്യ ചെലവിനത്തിൽ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകി. |

| | |
|---|---|
| | 8. രണ്ടാം ഘട്ടം കമ്പ്യൂട്ടറൈസേഷൻ പരിപാടിയ്ക്ക് സർക്കാർ അനുമതി നൽകി. കെൽട്രോണിനെ മൊത്തം സേവന ദാതാവായി ഇതിലേയ്ക്ക് നിയോഗിക്കുകയും ആവശ്യം വേണ്ട കമ്പ്യൂട്ടർ ഉപകരണങ്ങൾ കെൽട്രോണിൽ നിന്നു തന്നെ ലഭ്യമാക്കുകയും ഉണ്ടായി. വകുപ്പിനു വേണ്ടി കെൽട്രോൺ വികസിപ്പിച്ച ലോട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ലിംസ്) ബി.എസ്.എൻ.എൽ.ന്റെ 512 എംബി പിഎസ് ബ്രോഡ് ബാന്റ് (വി.പി.എൻ. സഹിതം) വഴി 21.1.2008 മുതൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. വകുപ്പിന്റെ പ്രധാന ജോലികളായ ടിക്കറ്റു വില്പന, സമ്മാന വിതരണം എന്നിവ തൽഫലമായി ഓൺ ലൈനായി നിർവ്വഹിച്ചു വരുന്നു. വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.<br>9. 2008-09 സാമ്പത്തിക വർഷത്തിൽ സിഡ്കോയുടെ സേവനം പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസ് ഇത്തരത്തിൽ നവീകരിക്കുകയുണ്ടായി. ശേഷിക്കുന്ന ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള ഓഫീസുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>10. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ മുതൽ ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ബി.എസ്.എൻ.എല്ലിന്റെ ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് ഫെസിലിറ്റിയിൻ കീഴിൽ മൊബൈൽ ഫോൺ കണക്ഷൻ നൽകി.<br>11. ഭാഗ്യക്കുറി വിൽപനക്കാരെ കൂടി ഉൾപ്പെടുത്തി നിലവിലുണ്ടായിരുന്ന ക്ഷേമനിധി ആകർഷകമായി പരിഷ്കരിക്കുകയും ക്ഷേമനിധിയ്ക്ക് ആസ്ഥാന മന്ദിരം പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. ജില്ലാ വെൽഫെയർ ഫണ്ട് ഓഫീസുകൾ നിലവിലുള്ള ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 60

9.9.2009-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.സി. മൊയ്തീൻ:<br>ശ്രീ.ബി. രാഘവൻ:<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ.വി. ചെന്താമരാക്ഷൻ:<br>ശ്രീ. എം.കെ. പുരുഷോത്തമൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ദേശീയ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പദ്ധതിയുടെ *ആസൂത്രണ* നിർവ്വഹണ ഉത്തരവാദിത്വം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നൽകി.<br>2. തൊഴിലുറപ്പ് നിയമത്തെ സംബന്ധിച്ച് ബഹുജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനായി വ്യാപകമായ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (IEC) ഏറ്റെടുത്തു.<br>3. അയൽക്കൂട്ടതലം മുതൽ ആരംഭിയ്ക്കുന്ന കർമ്മപരിപാടി രൂപീകരണ പ്രക്രിയ ആരംഭിച്ചു.<br>4. അഴിമതി ഒഴിവാക്കാനായി തൊഴിലാളികളുടെ വേതനം അവരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ നൽകുവാൻ വ്യവസ്ഥ ചെയ്തു.<br>5. കരാറുകാരെയും ഇടനിലക്കാരെയും ഒഴിവാക്കി പ്രവൃത്തികളുടെ സംഘാടന ചുമതല കുടുംബശ്രീ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് നൽകി.<br>6. കാർഷിക പ്രതിസന്ധി മറികടക്കുവാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാനും ഉതകുന്ന സമീപനം സ്വീകരിച്ചു.<br>7.ഒരു കുടുംബത്തിന് ആണ്ടിൽ 12,500/- രൂപ അധിക വരുമാനം ലഭ്യമാക്കി ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുവാൻ ലക്ഷ്യമിട്ടു. |
| ബി. പുതുതായി ഏതെല്ലാം മേഖലകളിലെ പണികളാണ് തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | ബി. & സി. 5 ഏക്കർ വരെയുള്ള ചെറുകിട കർഷകരുടെയും പരിമിത കർഷകരുടെയും കൃഷിഭൂമിയ്ക്ക് പ്രയോജനം ലഭിയ്ക്കുന്ന ജലസേചന പദ്ധതികൾ, ഉദ്യാന കൃഷി (ഹോർട്ടികൾച്ചർ) ഭൂവികസനം എന്നീ പദ്ധതികൾക്കാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. സംസ്ഥാനത്ത് കർഷക |
| സി. മിനിമം കൂലി വർദ്ധിപ്പിച്ചതുമൂലം എത്ര കോടി രൂപ സംസ്ഥാനത്തിന് കൂടുതലായി | |

| | |
|---|---|
| ലഭിക്കുമെന്ന് അറിയിക്കുമോ; | തൊഴിലാളികളുടെ മിനിമം വേതനം 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് . ഈ വർദ്ധന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കും ബാധകമാക്കികൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചശേഷമേ വർദ്ധന പ്രാബല്യത്തിൽ വരികയുള്ളൂ. |
| ഡി. നടപ്പുവർഷം ഇതുവരെ എത്ര കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | ഡി. നടപ്പുവർഷം ഇതുവരെ 3,22,778 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.